# സപര്യ

ഡിജിറ്റൽ മാഗസിൻ





## ജി.എച്ച്.എസ്.എസ് കരുവാരകുണ്ട്

# Editorial Board




1. Shaharna. M.K
2. Aswani. C
3. Muhammed Ramzan. C.K
4. Muhammed Nihal. N.K
5. Bareer. M
6. Hani Ashraf Muhammed. O
7. Nanda Kishor. V.G
8. Muhammed Rasil. P.K
9. Muhammed Ajnas. P.K
10. Arshad Rahman. K
11. Muhammed Shahadin. K
12. Fazil. A.T

K. Radhika (Kite Mistress)
Muhammed Kabeer. V.S (Kite Master)

# സന്ദേശം



കരുവാരകുണ്ട് ഗവ ഹയർസെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ് സപര്യ എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നത് ഏറെ സന്തോഷദായകമാണ്. വിവര വിനിമയ സാങ്കേതികവിദ്യ പ്രകാശവേഗതയിൽ മുന്നോട്ട് കുതിക്കുന്ന ഇക്കാലത്ത് പുതുതലമുറയിൽ സാങ്കേതികാവബോധം വളർത്താൻ ഇത്തരം സംരംഭങ്ങൾ ഉപകരിക്കും. സപര്യയുടെ പിന്നിൽ പ്രവർത്തിച്ച ലിറ്റിൽകൈറ്റ്സിനും അധ്യാപകർക്കും ആശംസകൾ നേരുന്നു.

**ടി.എം രാജു**

**(ചെയർമാൻ എസ്.എം.സി)**

# സന്ദേശം



പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായ ലിറ്റിൽകൈറ്റ്സ് ഐ.ടി. ക്ലബ്ബിൽ ഹാർഡ്‌വേർ, ആനിമേഷൻ, ഇലക്ട്രോണിക്സ്, മലയാളം കമ്പ്യൂട്ടിങ്, സൈബർ സുരക്ഷ മേഖലകൾക്കു പുറമെ മൊബൈൽ ആപ്പ് നിർമാണം, പ്രോഗ്രാമിങ്, റോബോട്ടിക്സ്, ഇ-കൊമേഴ്സ്, ഇ-ഗവേണൻസ്, വീഡിയോ ഡോക്യുമെന്റേഷൻ, വെബ് ടിവി തുടങ്ങിയ നിരവധി മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു. ഈ പ്രവർത്തനങ്ങൾക്ക് ഉണർവേകാൻ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.

**ഇ.ബി ഗോപാലകൃഷ്ണൻ**

(പി.ടി.എ പ്രസിഡന്റ്)

# സന്ദേശം



കരുവാരകുണ്ട് ഗവ: ഹയർ സെക്കന്ററി ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ ***സപര്യ*** ഡിജിറ്റൽ മാഗസിൻ സ്കൂളിന്റെ ചരിത്രത്തിലെ മഹത്തായ കാൽവെപ്പുകളിൽ ഒന്നാണ്. കുട്ടികൾ അവരുടെ സർഗാത്മക സൃഷ്ടികൾ ഡിജിറ്റൽ രൂപത്തിലേക്ക മാറ്റുമ്പോൾ ഇത് നമ്മുടെ കുട്ടികൾക്ക മാത്രമല്ല ലോകത്തിലെ ഏതു കോണിലുള്ള വ്യക്തിക്കും വായിക്കാനും അനുഭവങ്ങൾ പങ്കുവെക്കാനുമുള്ള ഇടമായി മാറുകയാണ്. ***സപര്യ***യുടെ താളുകളിൽ അക്ഷരങ്ങൾ കോറിയിട്ട് സമ്പന്നമാക്കിയ ഓരോരുത്തർക്കും പിന്നിൽ പ്രയത്നിച്ച അധ്യാപകർക്കും ലിറ്റിൽ കൈറ്റ്സിനും അഭിനന്ദനങ്ങൾ അർപ്പിക്കുന്നു.

**ടി. രാജേന്ദ്രൻ**

**(പ്രധാനാധ്യാപകൻ)**

A.VINOD KARUVARAKUNDU
Member,
National Monitoring Committee on Education
(SCs, STs, Person With Special Needs and Minority Education)

सत्यमेव जयते

भारत सरकार
मानव संसाधन विकास मंत्रालय
GOVERNMET OF INDIA
Ministry of Human Resource Development

Ref:

Date:...............................

# സന്ദേശം

## ഗാന്ധിജിയുടെ 150-ാം പിറന്നാളിനൊരു സമ്മാനം

ശുചിത്വമുള്ള വിദ്യാർത്ഥി!

ശുചിത്വമുള്ള വിദ്യാലയം !!

ശുചിത്വമുള്ള വീട് !!!

ശുചിത്വ ഭാരതം, മഹാത്മജിയുടെ നൂറ്റി അമ്പതാം പിറന്നാളിന് നമ്മുടെ ഓരോരുത്തരുടേയും സമ്മാനം ആകട്ടെ. അതിൽ വിദ്യാർത്ഥികൾക്കും വിദ്യാലയങ്ങൾക്കും വലിയ പങ്കവഹിക്കാനുണ്ട്.

ശുചിത്വ ഭാരതം എന്ന ലക്ഷ്യത്തിലേക്ക് നമുക്ക് കൈ കോർക്കാം ....

അതിരുകളില്ലാത്ത ഡിജിറ്റൻ ലോകത്തെ അതിനായി പരമാവധി പ്രയോജനപെടുത്താനും കഴിയണം.

അങ്ങിനെ സ്വച്ഛ ഭാരതവും ഡിജിറ്റൽ ഭാരതവും ലോകത്തിന് മാതൃകയാവണം.

ഈ രണ്ട് രംഗത്തും നമ്മുടെ വിദ്യാലയം കൈവരിക്കുന്ന ഓരോ നേട്ടവും അഭിമാനകരമാണ്. ആനന്ദദായകമാണ്.

**എ.വിനോദ്, കരുവാരകുണ്ട്.**

Phone: +91 9847 641 564, +91 9447 541 564, Email: a.vinod.kvk@gmail.com, FB: A Vinod Karuvarakundu

# സന്ദേശം



ഗവ : ഹൈസ്കൂൾ കരുവാരകുണ്ട് ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്ന എന്നതിൽ അതിയായ സന്തോഷമുണ്ട്. 2010 ൽ കേരളത്തിൽ നാല് വിദ്യാലയങ്ങൾ സ്മാർട്ട് സ്കൂളുകളാക്കി പ്രഖ്യാപിച്ചതിൽ ഒന്ന് ജി. എച്ച്. എസ്. എസ് കരുവാരകുണ്ടായിരുന്നു. ഇപ്പോൾ കേരളത്തിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കാൻ സർക്കാർ തീരുമാനിച്ചതിൽ ആദ്യഘട്ടം തന്നെ 46 ക്ലാസ് മുറികളും പൊതുജന പങ്കാളിത്തത്തോടെ ഹൈടെക്ക് ആക്കാൻ സാധിച്ച വിദ്യാലയമാണ് ജി. എച്ച്. എസ്. എസ് കരുവാരകുണ്ട്. കൂടാതെ കൈറ്റിന്റെ വൈസ് ചെയർമാനും ഐ ടി @ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുമായ അൻവർ സാദത്തിന്റെ മാതൃ വിദ്യാലയവുമാണ്. അത്തരമൊരു പശ്ചാതലത്തിൽ നിന്നുകൊണ്ട് ഇങ്ങനെയൊരു മാഗസിൻ തയ്യാറാക്കാൻ പ്രയത്നിച്ച എല്ലാവർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**എം മണി**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

ജില്ലാ കോർഡിനേറ്റർ

# പാസ്‌വേഡ്

ഇതൊരു തുടക്കം മാത്രമാണ്. വിവരവിനിമയ സാങ്കേതികവിദ്യയുടെ വാനിലേക്ക് ചരടഴിച്ചുയരാനുള്ള കൊച്ചുപട്ടങ്ങളു (Little Kites) ടെ പ്രഥമ ശ്രമം. വിരൽത്തുമ്പിനാൽ കീബോർഡിൽ വിസ്മയം തീർത്ത് മൈക്രോ സെക്കന്റ് കൊണ്ട് മനസ്സെത്താ ദൂരത്തേക്ക് വികാരങ്ങളെത്തിക്കുന്ന യുഗം പിറന്നു കഴിഞ്ഞു. അഞ്ചാം തലമുറ(5G) കാലത്തിന്റെ ആഗമനം ആഘോഷമാക്കാനുള്ള തയ്യാറെടുപ്പിലാണ് നമ്മുടെ കലാലയങ്ങളും അവയിലെ കൗമാരങ്ങളും. കടലാസുകളും പേനകളും ഗൃഹാതുരമാർന്ന ഓർമകൾ മാത്രമായിത്തീരുകയാണ് പുതുകാലക്കാർക്ക്. e–കാലത്തിന്റെ കൈപിടിച്ച് ഞങ്ങളും നടന്നു തുടങ്ങുകയാണ്. അതെ, അച്ചടി മഷിയുടെ മണമില്ലാത്ത, കടലാസ് പുറങ്ങളില്ലാത്ത, പുസ്തക ഭാരമില്ലാത്ത ഒരു ഡിജിറ്റൽ വിരുന്ന്. സാങ്കേതികതയും സർഗാത്മകതയും സമഞ്ജസമായി സമന്വയിക്കുന്ന ഡിജിറ്റൽ മാഗസിൻ. പിഴവുകളും മികവുകളും ഒരുപോലെ തൊട്ടുകാണിക്കണമെന്ന അഭ്യർഥനയോടെ സൈബർ ലോകത്തിന് ഇത് സാഭിമാനം ഞങ്ങൾ സമർപ്പിക്കുകയാണ്. നിങ്ങൾക്ക് മികച്ച e–വായനാനുഭവങ്ങൾ നേർന്നുകൊണ്ട്

**ടീം ലിറ്റിൽ കൈറ്റ്സ്**

**കരുവാരക്കുണ്ട് ഗവ.ഹയർ സെക്കൻഡറി സ്കൂൾ**



# മുഖമൊഴി

ചുമർ പത്രങ്ങളിൽ നിന്നും കയ്യെഴുത്ത് മാസികയിലേക്കും അവിടെ നിന്ന് അച്ചടിച്ച സ്കൂൾ മാഗസിനിലേക്കും ഉള്ള പരിണാമങ്ങൾ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളിലൂടെയായി വിദ്യാലയ സർഗാത്മകതയോടൊപ്പം നടന്നുനീങ്ങിയ നമ്മൾ പിന്നിട്ട നാഴികക്കല്ലുകളാണ്.

പ്രതിഭാ വിലാസത്തിന്റെ ഉറവകൾ മഹാനദിയായി പ്രവഹിക്കുമ്പോൾ സാങ്കേതിക വിദ്യയെ പുൽകാതെ പോകാൻ കഴിയുമോ? അത് കാലത്തിന്റെ അനിവാര്യത കൂടിയാകുമ്പോൾ. എഴുത്തിന്റെ ലോകവുമായി അച്ചടിവിദ്യ ഒട്ടിനിന്നപ്പോൾ വായനയുടെ ലോകം വിസ്തൃതമായതോടൊപ്പം നമ്മുടെ ഭൂമാതാവിനെ പൊതിഞ്ഞിരുന്ന ഹരിതാഭയുടെ സുന്ദര പുതപ്പ് പത്രമായും പുസ്തകമായും മാറ്റപ്പെടുക കൂടി ആയിരുന്നു.

എഴുത്തോ വായനയോ നിർത്തി വെക്കാൻ നമുക്ക് സാധ്യമല്ല. എഴുത്തിന്റെയും വായനയുടെയും പുതിയ മാധ്യമം സൃഷ്ടിക്കേണ്ടതുണ്ട് അത് നമ്മിൽ നിന്ന് തുടങ്ങണം. വിദ്യാർത്ഥികളിൽനിന്ന്, അധ്യാപകരിൽനിന്ന്, വിദ്യാലയങ്ങളിൽനിന്ന്.

ഇവിടെ എഴുത്തിന്റെയും വായനയുടെയും പുതിയ ലോകം മാത്രമല്ല, അതിരുകളില്ലാതെ വ്യാപിക്കുന്ന പ്രസാധനത്തിന്റെയും വാതായനങ്ങളാണ് തുറക്കപ്പെടുന്നത്.

സാങ്കേതികവിദ്യ കുട്ടികളുടെ നിത്യജീവിതത്തിലൂടെ സർവ്വസാധാരണക്കാരുടെ ഇടയിലേക്ക് എത്തിക്കാനുള്ള ലളിതവും സക്ഷമവുമായ പദ്ധതിയാണ് കുട്ടി കൂട്ടമായി പിറന്ന്, കൊച്ചു പട്ടങ്ങളായി(ലിറ്റിൽ കൈറ്റ്സ്) ആകാശത്തേക്ക് ഉയർന്നുകൊണ്ടിരിക്കുന്നത്.വിവര സാങ്കേതിക വിദ്യയുടെ അശ്വമേധത്തിൽ നമ്മുടെ വിദ്യാലയം അതിന്റേതായ് ഒരു സ്ഥാനം എപ്പോഴും നിർവ്വഹിച്ചിട്ടുണ്ട്.

ഇവിടെ നമ്മുടെ കുട്ടികളുടെ സർഗ്ഗവാസനയും സാങ്കേതിക തികവും മേളിക്കുകയാണ് അതാണ് *'സപര്യ'* അതിരുകളില്ലാത്ത വായനയുടെ ലോകത്തേക്ക് സാദരം സമർപ്പിക്കുന്നു.

# താളുകളിലൂടെ ..........

ഹർത്താൽ ലിയ
പൂതൻകോടൻ 7 ഇ

പേമാരിയേ നിന്നോട്
ഷഹർന 9 സി

ഉയരട്ടെ ശബ്ദങ്ങൾ
മുഹമ്മദ് നിഹാൽ 9 ഇ

Sharing is Caring
Fahma 7 C

മലയാളം
രാമദാസ്

സുഹൃത്ത്
ഗോപാലകൃഷ്ണൻ

പുൽത്താൾ
എ അപ്പുണ്ണി

പുനർജ്ജീവനം
സിഞ്ജിദ ജാസ്മിൻ

ഗണിതലോകം...
എ വിനോദ്

വാദ്യ ലോകം
അനിഷ്മ പി വി 8 ഡി

മനുഷ്യനോട്
സായൂജ് കെ എസ് 7 സി

പാപം ആർക്ക് ?
അനാമിക 10 എ

നാട്ടുണരണം ലഹരിക്കെതിരെ
ഹർഷ ടി 9 കെ

World of Friends
Hani Ashraf 9 C

വിട പറയും നിമിഷം
അജിൻഷാൻ 9 ബി

വിവേചനം
അശ്വിനി 9 എ

# പേമാരിയേ, നിന്നോട്.....



♠ ഷഹർന. എം.കെ 9.C ♠

കൊടും ചൂട് പ്രളയമായ് മാറിയതെന്തെ
ആകാശമെന്തെ കറുത്തു നിൽപ്പൂ

കലിതുള്ളി ആർത്തലച്ചെത്തീ നീ
എന്തേ മരണ മുഖങ്ങൾ വിതച്ചു

ആ ദിനം പെയ്തൊരാ മഴയെത്ര നാശങ്ങൾ
മണ്ണിനും വിണ്ണിനും നൽകി

മാനുഷ്യർ തൻ യാചന കേൾക്കാതെ
അന്നു നീ ശക്തിയായ് ചൊന്നതെന്തേ ?

ജീവിതം പോലും നശിച്ചു അതിനാലെ
മണ്ണിൽ ശ്വസനം നിലച്ചു

ആർക്കുവേണ്ടി നീ എന്തുകൊണ്ടു നീ
ക്രൂരനായി വന്നു ആ ദിനത്തിൽ

അന്നു നീയെടുത്തെത്രയോ ജീവിതം
ഇന്നു മണ്ണോടലിഞ്ഞു ചേർന്നു

മായുകില്ലയീ ജീവിതത്തിൽ നിന്നും
അന്നു നീ തന്ന പേടി സ്വപ്നം

വേണ്ടയിനിയൊന്നു കൂടിയാ  സ്വപ്നം
പോയ് മറയേണമെന്നേക്കുമായ്.

# സൂര്യശോഭയോടെ കരുവാരകുണ്ട് സ്കൂൾ

♠ ടി. രാജേന്ദ്രൻ ♠
പ്രധാനാധ്യാപകൻ

മണ്ണിനോടും വന്യതയോടും പടവെട്ടി കിഴക്കൻ ഏറനാടിന്റെ ഹൃദയത്തിൽ സ്നേഹമുള്ള മനുഷ്യർ ഇന്നത്തെ കരുവാരകുണ്ടിനെ സൃഷ്ടിച്ചെടുത്തു.അതി സമ്പന്നതയുടെ ആഡംബരമല്ല, സാധാരണക്കാരുടെ സഹൃദയത്വമാണ് കരുവാരകുണ്ടിനെ സമ്പന്നമാക്കുന്നത്. ഈ നാടിന്റെ പ്രതീക്ഷയാണ് നമ്മുടെ സ്കൂൾ. പരിസരത്തൊക്കെ പല പേരുള്ള പള്ളിക്കൂടങ്ങളുണ്ട്. എന്നിട്ടും നമ്മുടെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ വേറിട്ട് നിൽക്കുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കരുവാരകുണ്ട് സ്കൂളിലും വലിയ മാറ്റങ്ങളാണ് നടന്നത്. കഴിഞ്ഞ കുറച്ച് കാലമായി നടന്നുകൊണ്ടിരിക്കുന്ന പുരോഗതിയിലേക്കുള്ള യാത്രയുടെ വേഗം ഈ വർഷം പതിന്മടങ്ങായി വർദ്ധിച്ചിരിക്കുന്നു.

സ്കൂളിന്റെ മുഖച്ഛായ തന്നെ വല്ലാതെ മാറിയിരിക്കുന്നു. ഭൗതിക സൗകര്യങ്ങൾ ധാരാളമായി വന്നിരിക്കുന്നു. 46 ക്ലാസ് മുറികൾ ആധുനിക വിദ്യാഭ്യാസ വിനിമയ രീതിക്ക് പറ്റുന്ന തരത്തിലാക്കി മാറ്റിയത് ഈ കാലത്താണ്. ഇവ ടൈൽസ് പതിച്ച് ഡസ്റ്റ് ഫ്രീ ആക്കി. ലാപ്ടോപ്പും പ്രൊജക്ടറും സ്ക്രീനും വെച്ച്ഹൈടെക്ക് വൽക്കരിച്ചു.

കരുവാരകുണ്ടിന്റെ സാമൂഹിക ശക്തിയുടെ വിജയമായിരുന്നു ഇത്. അധ്യാപകരും രക്ഷിതാക്കളും ഒത്തു ചേർന്ന് ഈ ലക്ഷ്യത്തിനായി പ്രയത്നിച്ചു. പി.ടി എ, എസ്.എം.സി, എം.പി.ടി.എ, പൂർവ വിദ്യാർത്ഥി സംഘടന, കരുവാരക്കുണ്ടിലെ യുവജനപ്രസ്ഥാനങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ തുടങ്ങിയവയൊക്കെ ഈ മാറ്റത്തിന് കൈത്താങ്ങായിമാറി. സ്കൂളിലെ ശുചിമുറികൾ നവീകരിച്ചു. സ്കൂൾ സിസിടിവി ക്യാമറയുടെ നിയന്ത്രണത്തിലാക്കി. രാവിലത്തെ അസംബ്ലി മുതൽ വൈകുന്നേരത്തെ അവസാനബെൽ വരെ പഠനം പലരുചിപെരുമയായി ഇവിടെ നിറയുമ്പോൾ അത് സുകൃതത്തിന്റെ പുതിയ അധ്യായമായി മാറുന്നു.കാമ്പസ് ഒരു പാഠപുസ്തകം എന്നതാണല്ലോ ഇന്നത്തെ പ്രഖ്യാപിത നയം. ഇത് എന്താണ് എന്ന് മനസ്സിലാക്കാൻ നമ്മുടെ സ്കൂളിൽ വന്നാൽ മതി. പ്ലാസ്റ്റിക് നിരോധിത കാമ്പസ്, ലഹരി മുക്ത കാമ്പസ്, സ്വയം അച്ചടക്കം പാലിക്കുന്ന കുട്ടികൾ, ജോലിയെ

ഉത്സവമാക്കുന്ന അധ്യാപകർ. ശരിക്കും അഭിമാനം തോന്നുന്നു, ഈ വിദ്യാലയത്തെ കുറിച്ച്. വനശ്രീ, മധുരവനം, ജൈവവൈവിധ്യപാർക്ക്, ഹോർട്ടി കോർപ്പ് ഒരുക്കുന്ന ഭിന്നശേഷിക്കാർക്കുള്ള പാർക്ക്, പച്ചക്കറിത്തോട്ടം എന്നിങ്ങനെ അന്വേഷണകുതുകിയായ ഒരു കുട്ടിക്ക് മുന്നിൽ തുറന്നിട്ട വായനശാലയായി നമ്മുടെ സ്കൂൾ മാറിയിട്ടുണ്ട്.

ഹൈടെക്ക് വത്കരണത്തിന്റെ ഭാഗമായി അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം നേടാൻ അവസരമുണ്ടായി. ഒരു ഭാഗത്ത്പഠനതാൽപര്യമുള്ളവർക്ക് വളരാൻ എല്ലാം ഒരുക്കുന്നു. എഫ്.എം. റേഡിയോ പോലെയുള്ള നവീനതകൾ, സെമിനാറുകളും ചർച്ചകളും, നാട്ടിലേയും മറുനാട്ടിലേയും പ്രശസ്തരോടൊപ്പം കുട്ടികൾക്ക് പ്രത്യേക സെഷനുകൾ, എഴുത്തിൽ മിടുക്കരായവർ ക്ലാസ്സ് തോറും ഇറക്കുന്ന പതിപ്പുകൾ... നമ്മുടെ സ്കൂളിന്റെ മാറ്റത്തിന്റെ ലക്ഷണമൊത്ത അടയാളങ്ങൾ ധാരാളമാണ്. മറുഭാഗത്ത് പഠനപിന്നോക്കക്കാരെ കൈവിടുകയോ ടി.സി. കൊടുത്ത് മറ്റു സ്കൂളുകളിലേക്ക് തള്ളുകയോ അല്ല ചെയ്യുന്നത്. വർഷത്തിന്റെ തുടക്കത്തിൽ തന്നെ പഠനപിന്നോക്കക്കാരെ കണ്ടെത്തി ഇവർക്ക് എസ്.ആർ.ജി. വഴി നടപ്പാക്കിയ പിയർ ലേണിങ് പദ്ധതിയിലൂടെ ആദ്യഘട്ടത്തിൽ അക്ഷരം പഠിക്കാൻ അവസരമൊരുക്കി. നവപ്രഭ, ശ്രദ്ധ, മലയാളത്തിളക്കം തുടങ്ങിയ പദ്ധതിയിലൂടെ കൂടുതൽ ശ്രദ്ധയോടെ പഠിക്കാ് അവസരമൊരുക്കി. നാട്ടിലെ യോഗ്യതയുള്ള ആളുകൾ ഈ കുട്ടികളെ സൗജന്യമായി പഠിപ്പിക്കാൻ തയ്യാറായി എന്നത് ശുഭോദർക്കമാണ്. സ്നേഹസ്പർശം, ഉണർവ്വ് തുടങ്ങിയവയും ശ്ലാഘനീയമായ പദ്ധതികളാണ്. ആരോഗ്യ-കായിക മേഖലയിൽ വലിയ മാറ്റം വന്നു. യു.പി.യിലും ഹൈസ്കൂളിലും കായികാധ്യാപകർ, ഋതു പ്രൊജക്ട് വഴി ആരോഗ്യപരിരക്ഷക്ക് പ്രത്യേകാവസരം, ആയോധനകലയിലെ പ്രത്യേക പരിശീലനം തുടങ്ങിയവ സ്കൂളിൽ വലിയ മാറ്റമുണ്ടാക്കിയിട്ടുണ്ട്.

അക്കാദമിക് മാസ്റ്റർ പ്ലാൻ കൂടുതൽ മെച്ചപ്പെട്ട അക്കാദമിക് പുരോഗതി സാധ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. പഠന മേഖല മാറുന്നു. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുന്നു. അച്ചടക്കപൂർണ്ണമായ ഒരു തലമുറയുടെ പുരോഗതിക്കായി ഈ സ്കൂളും നാടും കൈകോർത്ത് മുന്നോട്ട് പോകുന്ന കാഴ്ച ആനന്ദദായകം തന്നെയാണ്. നമ്മുടെ പ്രിയപ്പെട്ട സ്കൂൾ മുന്നോട്ട് പോവുക തന്നെയാണ്. മികവോടെ, കരുതലോടെ. നാടിന്റെ പൊൻവിളക്കാവേണ്ട തലമുറയ്ക്ക് അറിവ് കൊണ്ട് കരുത്ത് പകർന്ന്.

# ബാല്യം യാചിക്കുന്നു

♠ നജ്മ ഷെറിൻ 10 B ♠

ഒരു ബാല്യം കൈനീട്ടി അലയുന്നു,

വിശക്കുന്ന വയറിന് വല്ലതുമെന്ന്

യാചിക്കുന്നു, മുഷിഞ്ഞ വേഷവും

കുഴിഞ്ഞ കണ്ണിലെ കണ്ണീരു തന്നെയും

കടത്തിണ്ണ കൊട്ടാരം

ഉലകം മുഴുവനും അവനമ്മ

പട്ടിണി പട്ടുടയാട

തെരുവിലൊരു ബാല്യം അലയുന്നു.





# ഉയരട്ടെ ശബ്ദങ്ങൾ...

♠ മുഹമ്മദ് നിഹാൽ. 9 E ♠

നമ്മുടെ പ്രിയ നാട് വളരെയേറെ ദുരന്തങ്ങളുടെ ഭീഷണി നേരിട്ട്കൊണ്ടിരിക്കുകയാണ്. പ്രളയം, വരൾച്ച, മഞ്ഞുവീഴ്ച്ച, ദാരിദ്ര്യം, കാറ്റ് എന്നിവയാണ് നാം പ്രധാനമായും നേരിടുന്ന ഭീഷണികൾ. മഴക്കാലത്ത് ശക്തമായ മഴയും, വേനൽക്കാലത്ത് കഠിനമായ ചൂടും ജലക്ഷാമവും ശൈത്യകാലത്ത് വലിയ തണുപ്പും അനുഭവിക്കുന്ന തരത്തിലേക്ക് നമ്മുടെ കാലാവസ്ഥയുടെ രീതികൾ മാറിയിരിക്കുന്നു.. അതിനു കാരണം നാം തന്നെയാണ്. നമ്മുടെ വളർച്ചക്ക് വേണ്ടി, അത്യാഗ്രഹത്തിനു വേണ്ടി, സ്വാർത്ഥതക്കുവേണ്ടി പ്രകൃതിയെ ചൂഷണം ചെയ്യുകയും നശിപ്പിക്കുകയും ചെയ്യുന്നു. അതിനെതിരെ ഭാവി തലമുറയായ നമ്മൾ വിദ്യാർത്ഥികൾ ശബ്ദമുയർത്തണം.



# Friendship

♠ Fathima Hiba. C  9 B ♠




“Friendship is a single soul dwelling in two bodies” These are the prominent and eminent words of Greek philosopher Aristotle. Friendship is the mutual affection between two or more people. Many of us have so many friends, but seems to have no friends. If we never had friends, we never lived.

'A friend in need is a friend indeed' this English proverb gives us the clear picture of a real friend. A friend is some one who cares you loves you and supports you.

We are living in world of hypocrisy even where friends are cheating each other. It's our obligatory duty to select new friends and lead a good life.

# മലയാളം



♠ രാമദാസ്. കെ ♠

മനസിനുള്ളിൽ മലയാളത്തിൻ മലരുകളൊന്നായ് വിടരട്ടെ

വിടരും മലരുകളൊന്നായ് വാനിൽ പുതുമഴയായി പടരട്ടെ.

മഴപെയ്തൊഴിയും വിണ്ണിൽ വിടരും മാരിവില്ലീ മലയാളം

മാമ്പൂവിൻ മണമേറ്റുകിടക്കും മണ്ണുതുപാട്ടും മലയാളം

തേൻമൊഴിയായി തുഞ്ചത്തന്നൊരു കിളികൊഞ്ചിയീ മലയാളം

വയലാറിന്റെ തൂലികതീർത്തൊരു നവരസ മധുരമീ മലയാളം

ചങ്ങമ്പുഴയുടെ പ്രണയത്തിൻ നിറം

രമണനുദിച്ചൊരു മലയാളം

സുന്ദരസ്വപ്നം കൈരളി കാണും

സ്നേഹതുള്ളികൾ മലയാളം

മനസിനുള്ളിൽ  മലയാളത്തിൻ മലരുകളൊന്നായ് വിടരട്ടെ

വിടരും മലരുകളൊന്നായ് വാനിൽ

പുതുമഴയായി പടരട്ടെ

പുതുമഴയായി പടരട്ടെ........

# മുത്താണ് മ്മളെ കരുവാരകുണ്ട്

♠ അക്ഷയ് കൃഷ്ണ. കെ 10 B ♠

'കരു' എന്നാൽ ഇരുമ്പയിര് എന്നാണ് അർത്ഥം. ഇരുമ്പയിര് വാരിയെടുക്കുന്ന സ്ഥലം കരുവാരകുണ്ടായി അറിയപ്പെട്ടു. ഇരുമ്പുമായി ഈ പ്രദേശത്തിന് അതിപുരാതന കാലം മുൻപെ ബന്ധമുണ്ടായിരുന്നു എന്ന് ചരിത്രസൂചനകളുണ്ട്. അയിരു പണിയെടുത്തവർക്കു അരിപ്പണിക്കാർ എന്ന കുടുംബപേർ ഉണ്ടായിരുന്നതായി തെളിവുണ്ട്. രണ്ടായിരം വർഷങ്ങൾക്കു മുൻപ് ഇരുമ്പുകൊണ്ട് നിർമിക്കപ്പെട്ട വാൾ, ചട്ടി തുടങ്ങിയവ ഈജിപ്ത്, തുർക്കി, റോം, ദമസ്ക്കസ് തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റി അയച്ചിരുന്നതായി ചരിത്രം പറയുന്നു.



കരുവാരകുണ്ടിലെ ഓരോ സ്ഥലനാമത്തിന്റെ പിന്നിലും ചരിത്രമുണ്ട്. അയിരുള്ള മണൽ പ്രദേശം അരിമണൽ എന്നും, ആറിന്റെ തലക്കലുള്ള പ്രദേശം ആർത്തല എന്നും ആൾപാർപ്പില്ലാത്ത സ്ഥല പ്രദേശങ്ങൾ തരിശായും, കാടും മേടും കടന്നുചെല്ലുമ്പോൾ പുല്ലിന്റെ വട്ടമുള്ള സ്ഥലം പുൽവെട്ട എന്നും, വീട്ടി കൂടുതൽ ഉള്ള സ്ഥലം വീട്ടിക്കുന്ന് എന്നും, മരുത് നിന്ന സ്ഥലം മരുതിങ്ങൽ എന്നും അറിയപ്പെട്ടു.

# പാപം ആർക്ക്?–ആസ്വാദനം



♠ അനാമിക 10 എ ♠

വിക്രമാദിത്യകഥകളിൽ ഏറെ ചിന്തിപ്പിക്കുന്ന ഒരു കഥയാണ് 'പാപംആർക്ക്'? തലക്കെട്ടിൽതന്നെ എന്തോ മറഞ്ഞുകിടക്കുന്നതായി തോന്നാം. വിക്രമാദിത്യൻ വേതാളത്തിനോട് കഥ പറയുകയാണ്. ഒരു ബ്രാഹ്മണൻ ദീർഘയാത്ര കഴിഞ്ഞ് അഗ്രഹാരത്തിലെത്തി. അവിടെനിന്ന് അദ്ദേഹത്തിന് ഒരു പൊതി ചോറും കിട്ടി. നടന്ന് നടന്ന് ഒരു ആൽമരത്തിന്റെ ചുവട്ടിലിരുന്നു കൈയ്യിൽ കഴിക്കാൻ കരുതിയ ഭക്ഷണം കഴിക്കാൻ തുടങ്ങിയതും ഒരു ഗരുഡൻ സർപ്പത്തെയും പിടിച്ച് ആൽമരത്തിൽ തിന്നാൻ വച്ചു. സർപ്പത്തിന്റെ ഉഗ്രവിഷം താഴെ ഭക്ഷിച്ച് കൊണ്ടിരിക്കുന്ന ബ്രാഹ്മണന്റെ ചോറിൽ വീണു. അങ്ങനെ അദ്ദേഹം അവിടെ വീണു മരിച്ചു. ബ്രാഹ്മണന്റെ മരണത്തിന്റെ പാപം ആർക്ക് എന്നാണ് ചോദ്യം. ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാം പൊതിച്ചോറ് കൊടുത്തവരാരും പാപം ചെയ്തിട്ടില്ല താൻ കഴിക്കുന്ന ഭക്ഷണത്തിൽ വിഷം ചേർന്ന കാര്യം ബ്രാഹ്മണനും അറിഞ്ഞിട്ടില്ല സർപ്പവിഷം ഭക്ഷണത്തിൽ വീണത്. ഗരുഡനും അറിഞ്ഞിട്ടില്ല. എന്നാൽ പിന്നെ ഇതേപ്പറ്റി പറഞ്ഞു നടക്കുന്നവർക്കാണ് പാപം എന്നും പറഞ്ഞ് വിക്രമാദിത്യൻ ചുരുക്കുന്നു. അവസാനത്തെ ഭാഗം നമ്മെ ഏറെ ചിന്തിപ്പിക്കുന്നതാണ്. ഇതിൽ ആരും പാപം ചെയ്തിട്ടില്ല എല്ലാവരും അവരുടെ കടമകൾ നിറവേറ്റി. എല്ലാവരും നിഷ്കളങ്കരാണ്. പക്ഷെ എല്ലാം കഴിഞ്ഞാലും ഇതിനെ ചൊല്ലി പറഞ്ഞ് നടക്കുന്നവരാണ് പാപം ചെയ്യുന്നത്. ഒരു ചെറിയ കഥയിലൂടെ വലിയൊരു സന്ദേശമാണ് ഇവിടെ പങ്കുവെക്കുന്നത്. ഇന്നത്തെ ഈ സമൂഹത്തിൽ ഈ കഥ ഉചിതമാണ്. കാരണം ഒരു കാര്യത്തെ കുറിച്ച് ഒന്നും അറിയാതെ പരദൂഷണം പറഞ്ഞ് നടക്കുമ്പോൾ അവിടെ തിന്മയാണ് അയാൾ ചെയ്യുന്നത്.

# വിഷരഹിതമായ പച്ചക്കറികൃഷി



## വിഷമുക്തമായ നാളേയ്ക്കായ്

**അനീന റെജി 10 ബി**

ഭക്ഷ്യസുരക്ഷ ഇന്ന് നമ്മുടെ കേരളം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നമാണ്. വിഷം തീണ്ടിയ പച്ചക്കറികൾ നമ്മുടെ വിപണിയെ കീഴടക്കിയിരിക്കുന്നു. ഒരുകാലത്ത് നമുക്കാവശ്യമുള്ളതെല്ലാം നട്ടു വളർത്തുന്ന സ്വാശ്രയത്തിലൂന്നിയ സംസ്കാരമുള്ള ഒരു നാടായിരുന്നു കേരളം. എന്നാൽ കാലാന്തരത്തിൽ ജീവിതരീതിയിലും സാമൂഹ്യവ്യവസ്ഥയിലും ഉണ്ടായ മാറ്റങ്ങൾ നമ്മുടെ സംസ്കാരത്തെ തകിടം മറിച്ചു. സ്ഥല ലഭ്യത അനുദിനം കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ വീട്ടുമുറ്റത്തും അടുക്കളത്തൊടിയിലും ടെറസ്സിലും അവരവർക്കാവശ്യമായ പച്ചക്കറികൾ ജൈവരീതിയിലൂടെ ഉൽപ്പാദിപ്പിക്കാം. വീട്ടു വളപ്പിലെ പച്ചക്കറിക്കൃഷിക്ക് ജൈവവളങ്ങൾ മാത്രം ഉപയോഗിച്ചാൽ മതി. ചാണകം, കോഴിവളം, ആട്ടിൻകാഷ്ഠം ജൈവസ്ലറി, കമ്പോസ്റ്റ് എന്നിവ ലഭ്യതയനുസരിച്ച് ഉപയോഗിക്കാം. വീട്ടുവളപ്പിന്റെ ഒരതിർത്തിൽ ശീമക്കൊന്ന നട്ടാൽ ആവശ്യത്തിന് പച്ചിലവളം ലഭിക്കും.

# വാദ്യലോകം

സമ്പാദക : അനിഷ്മ

## പുല്ലാങ്കുഴൽ

ഈറ, മുള എന്നിവയുടെ തണ്ടുകളാണ് ഇത് നിർമ്മിക്കാൻ ഉപയോഗിക്കുന്നത്. ഒരു ഭാഗം അടഞ്ഞ മുളന്തണ്ടിന്റെ അടഞ്ഞ ഭാഗത്ത് ഒരു ദ്വാരമുണ്ടാകും. ഈ ദ്വാരത്തിൽ നിന്ന് അൽപം വിട്ട് ആറോ



ഏഴോ ദ്വാരവും. ആദ്യ ദ്വാരത്തിലൂടെയാണ് ഊതുക. ഇങ്ങനെ ഊതുമ്പോൾ മറ്റ തുളകളിൽ വിരലുകൾ അടച്ചും തുറന്നും വിവിധ സ്വരവിന്യാസമുണ്ടാക്കിയാണ് പുല്ലാങ്കുഴൽ വായിക്കുന്നത്.

## വില്ല്

തെക്കൻ തിരുവിതാംകൂറിലും മറ്റും പ്രചാരത്തിലുള്ള വിൽപാട്ട് വില്ലടിച്ചാൻ പാട്ട് എന്നീ പേരുകളിലറിയപ്പെട്ടിരുന്ന കലാമേളക്ക് ഉപയോഗിക്കുന്ന വാദ്യം. വില്ല്, കുടം, കോൽ എന്നിങ്ങനെ മൂന്ന്



ഭാഗങ്ങളുണ്ടാകും. ലോഹനിർമിതമായ കുടത്തിന്റ മുഖം തോൽകൊണ്ട് പൊതിയും. ശിഷ്യന്മാർ കുടത്തിലും ആശാന്മാർ വില്ലിലും കൊട്ടും.

# ഉടുക്ക്

ഇടയ്ക്കയുടെ ചെറിയരൂപം. എന്നാൽ അത്രയും ഭംഗിയില്ല. സംസ്കൃതത്തിൽ 'ഡമരു' (ഡമ എന്ന



ശബ്ദം പുറപ്പെടുവിക്കുന്നതു കൊണ്ട്) എന്നും പറയും. മധ്യഭാഗം വണ്ണം കുറഞ്ഞ ചെറിയ മരക്കുറ്റിയാണ് ഉടുക്കുറ്റി. ഇരുവശമുള്ള വട്ടങ്ങളും ചെറുതായിരിക്കും.

# തുടി

ആദിമ വാദ്യങ്ങളിലൊന്ന്. തുടി, കടുന്തുടി, തുടിപ്പറ എന്നീ പേരുകളും പറയും. ഇതിൽ നിന്നാണ് മറ്റ് വാദ്യങ്ങൾ ഉണ്ടായതെന്ന് പറയപ്പെടുന്നു. അത്രയേറെ പഴക്കമുണ്ടിതിന്. പുലയൻ, പാണൻ, പറയൻ,



മുന്നൂറ്റാൻ, കരിമ്പാലൻ തുടങ്ങിയ വർഗക്കാരുടെ മുഖ്യവാദ്യം. ഉടുമ്പിന്റെയോ കുരങ്ങിന്റെയോ തോലാണ് ഇരുവശത്തും പൊതിയുക. കട്ടിയുള്ള കമ്പ് കൊണ്ട് കൊട്ടിയാണ് വായിക്കുന്നത്.

# തകിൽ

തമിഴ്നാട്ടിൽ ഏറെ പ്രചാത്തിലിരുന്ന ഈ വാദ്യം ഇപ്പോൾ കേരളത്തിലും സാധാരണമായിട്ടുണ്ട്. രണ്ടറ്റം വീതി കുറഞ്ഞും മധ്യം വണ്ണം കൂടിയും അകം പൊള്ളയായ തടി കഷ്ണമാണ് ഇതിന്റെ പ്രധാന



ഭാഗം. 17 മുതൽ 19 ഇഞ്ച് വരെയാണിതിന്റെ നീളം. രണ്ടുവിധം: തിമിരിക്കട്ട, ബാരിക്കട്ട. വലുപ്പചെറുപ്പമനുസരിച്ചാണ് വേർതിരിവ്. ചെറിയ അളവോടു കൂടിയാണ് തിമിരിക്കട്ട. വലിയ അളവിലുള്ളത് ബാരിക്കട്ടയും. ഇടതുവശം വടി കൊണ്ടും വലതുവശം കൈകൊണ്ടുമാണ് കൊട്ടുക. വിരലറ്റത്ത് കട്ടിയുള്ള ചുറ്റ് (ഉറ) ഉണ്ടാകും. തോളിൽ തൂക്കിയിട്ടും മടിയിൽവച്ചും ഇത് വായിക്കുന്നു.

# നെയ്യാറിലെ സൂര്യോദയം

♠ രഞ്ജിമ. കെ 10 B♠

ആദ്യമായിട്ടാണ് തിരുവനന്തപുരത്ത് വരുന്നത്. അടക്കാനാവാത്ത സന്തോഷം എന്നെ നിലത്തുനിർത്തിയില്ല. അവിടെ ചെന്ന് ഞങ്ങൾ''അഗസ്ത്യമല നാച്ചർ സ്റ്റഡി ക്യാമ്പ്"ലേക്ക് പോയി. അവിടെയാണ് ഞങ്ങൾ തങ്ങുന്നത്. നെയ്യാർ തീരത്ത് ഫ്രഷായതിനുശേഷം കൾച്ചറൽ പ്രോഗ്രാമിനായി ഹാളിൽ പോയി. പിന്നെ അറിയാല്ലോ നെയ്യാറിലെ ഭക്ഷണം കഞ്ഞിയും ചമ്മന്തിപ്പൊടിയും അച്ചാറും ഉപ്പേരിയും. ഹാ...എന്താ രസം. കുറച്ചുനേരം അവിടെയുള്ള ശിവേട്ടനോടും കുഞ്ഞിരാമേട്ടനോടും അവിടുത്തെ കാര്യങ്ങൾ ചോദിച്ചറിഞ്ഞു. ഉറക്കം വന്നപ്പോൾ ഉറങ്ങാൻ കിടന്നു. ഞാനാണ് അങ്ങേയറ്റത്ത് കിടക്കുന്നത്. രാവിലെ ശോഭ ടീച്ചർ എന്നെ ആദ്യം വിളിച്ചുണർത്തി. എല്ലാവരെയും എണീപ്പിക്കാൻ പറഞ്ഞു. പക്ഷേ, ഞാനാദ്യം ചെയ്തത് എന്റെ ഒരുക്കം നടത്തുകയാണ്. എന്നിട്ട് ഞങ്ങൾ രാവിലെ 6:30 ന് റോഡ് വാക്കിംഗ് & റണ്ണിന് പോയി. പോയ വഴിക്ക് ഞങ്ങൾ കണ്ടു ആ തുറന്ന ജയിൽ.

# വെണ്ടയുടെ ജനനം

**അനീന റെജി 10 ബി**

ആഫ്രിക്കയിലെ എത്യോപ്യയിൽ ജന്മമെടുത്തെ വെണ്ട, അയൊഡിൻ ധാരാളമടങ്ങിയ പച്ചക്കറിയാണ്. ഈജിപ്തിലെ നൈൽ നദീതീരത്ത് വെണ്ട അദ്യമായി കൃഷി ചെയ്തത് വടക്കേ ആഫ്രിക്കകാരാണ്. മെഡിറ്ററേനിയൻ പ്രദേശങ്ങളിൽ നിന്നാണ് വെണ്ട ഇന്ത്യയിൽ എത്തിയതെന്ന് കരുതപ്പെടുന്നു. ബീഹാർ, ഒറീസ്സ, പശ്ചിമബംഗാൾ ആസ്സാം എന്നീ സംസ്ഥാനങ്ങളാണ് വെണ്ട കൃഷിയിൽ മുന്നിട്ട നിൽക്കുന്നത് ധാരാളം നാരുകളടങ്ങിയ ഈ വിള കേരളത്തിലെ കാലാവസ്ഥക്ക് യോജിച്ചതാണ്. മാൽവേസീ സസ്യകുടുബത്തിൽപ്പെട്ട വെണ്ടയുടെ ശാസ്ത്ര് നാമം ഹിബിസ്ക്സ് എസ്കുലെൻസ് എന്നാണ്. വെണ്ട കൃഷിയുടെ പ്രധാന ഭീഷണിയായ മഞ്ഞളിപ്പുരോഗം പരത്തുന്ന വെള്ളീച്ചകൾ കുറവുള്ള മഴക്കാലമാണ് കൃഷിക്ക് ഏറ്റവും അനുയോജ്യം.



# പുൽത്താൾ



♠ എം. അപ്പുണ്ണി, Dy. HM ♠

**നാടൻപാട്ട്**

വീട്ടിച്ചോലപ്പാടത്ത്

മകരക്കൊയ്ത്ത് കഴിഞ്ഞല്ലോ

കറ്റകൾ കെട്ടി പോയല്ലോ

പുൽത്താൾ പെറുക്കാനായല്ലോ

അണിയണിയായി കാണാമല്ലോ

നെൽക്കതിർ കുറ്റികൾ പാടം നിറയെ

പുൽത്താൾ പെറുക്കാൻ വാ പെണ്ണേ...

നെന്മണി കോരാൻ വാ പെണ്ണേ...

വാരിക്കൂട്ടിയ പുൽത്താളെല്ലാം

മെതിച്ചു നോക്കാം പെണ്ണാളേ

ഇത്തിരി നെന്മണി കിട്ട്യാലോ

കഞ്ഞി കുടിക്കാമന്തിക്ക്

കഞ്ഞിക്കെന്തേ കൂട്ടാനും

പാടത്തിറങ്ങി നോക്കാലോ

മടയിൽക്കാണും ഞണ്ടുപിടിച്ചാൽ

കൂട്ടാനൊന്നാന്തരമായി

കഞ്ഞി കുടിച്ചുകഴിഞ്ഞാലോ

കിനാവുകണ്ടുറങ്ങാലോ

# ബ്ലൂവെയ്ൽ, കരുതിയിരിക്കാം മരണക്കെണിയെ

**♠ ഷഹർന 9 സി ♠**

ബ്ലൂവെയ്ൽ പോലുള്ള 'മരണക്കളികൾ' കുട്ടികളെ വല്ലാതെ സ്വാധീനിക്കും. വ്യാപകമായ പ്രചാരണങ്ങളും  ആകർഷിക്കാനുള്ള പഴുതുകളുമാണിവർ ഉപയോഗിക്കുന്നത്. പരിചിതമില്ലാത്ത എന്തും കടന്നു വരുമ്പോൾ അതെന്താണെന്ന് അറിയാനുള്ള ജിജ്ഞാസയാണ് കുട്ടികളെ വഴി തെറ്റിക്കുന്നത്. ഇങ്ങനെയുള്ള ഗെയ്മുകളിൽ ഉത്സാഹവും പ്രോത്സാഹനവും പ്രധാനം ചെയ്യുന്ന കാര്യങ്ങളാണ് ആദ്യമാദ്യം  ലഭിച്ചു കൊണ്ടിരിക്കുക.പിന്നീടാണ് പിൻമടക്കം സാധ്യമല്ലാത്ത കെണിയാണെന്ന് അറിയുക.അപ്പോഴേക്കും വളരെ വൈകിപ്പോകുന്നു.

ഗെയ്മുകളിൽ ആകൃഷ്ടരാകുന്ന കുട്ടികൾ മറ്റു സുഹൃത്തുക്കളുമായി ബന്ധമോ വീട്ടുകാരുമായി അടുപ്പമോ കാണിക്കാത്തവരായിരിക്കും.ഇവർ സദാസമയം ഇന്റർനെറ്റിലായിരിക്കും. അല്ലെങ്കിൽ സാഹസികത ഇഷ്ടപ്പെടുന്നവരും വിഷാദരായി കാണപ്പെടുന്നവരുമായിരിക്കും ഗെയ്മുകളിൽ ആകൃഷ്ടരാകുന്നത്. ഇവരുടെ മനസിനുള്ളിൽ ആത്മഹത്യാ പ്രവണത ഉണ്ടാക്കാം...

അതിനാൽ നമ്മൾ കുട്ടികൾ ഇന്റർനെറ്റ് സൂക്ഷിച്ച് കൈകാര്യം ചെയ്യുക...

# വിവേചനം

♠ അശ്വിനി. 9 എ ♠

വിവേചനങ്ങൾ പലതരത്തിലുണ്ട്. ജാതി വിവേചനം, സ്ത്രീ വിവേചനം തുടങ്ങിയവ. എന്നാൽ പണ്ട് കാലങ്ങളിൽ ഇത് ഏറ്റവും ഭയാനകമായ സംഭവമായിരുന്നു. താഴ്ന്ന ജാതി ഉയർന്ന ജാതി എന്നിങ്ങനെ രണ്ട് വിഭാഗം. എല്ലാവരും മനുഷ്യരാണ്. ചിലർ ജന്മം കൊണ്ട് ഉയർന്ന ജാതികളും മറ്റ ചിലർ താഴ്ന്ന ജാതിയുമാകുന്നു. ഉയർന്ന ജാതിക്കാർ നടക്കുന്ന വഴിയിലൂടെ താഴ്ന്ന ജാതിക്കാർക്ക് നടക്കാനോ അവരുടെ കിണറ്റിൽ നിന്ന് വെള്ളമെടുക്കാനോ അവരെ കാണാനോ പറ്റില്ല. അതിനൊന്നിനുമുള്ള അവകാശം ഇല്ലായിരുന്നു. എന്നാൽ ഇന്ന് നമ്മുടെ പ്രദേശത്ത് ജാതി വ്യവസ്ഥയില്ല പക്ഷെ മറ്റ സ്ഥലങ്ങളിൽ ഇന്നും ഇത് നിലനിൽക്കുന്നുണ്ട്.

നാം നേരിട്ടുകൊണ്ടിരിക്കുന്ന മറ്റൊരു പ്രശ്നമാണ് സ്ത്രീകൾക്കെതിരെയുള്ള വിവേചനം. ഇത് ഇന്ന് നമ്മുടെ രാജ്യത്ത് വലിയതോതിൽ നടക്കുന്ന ഒരു കാര്യമാണ്. ഒരു സ്ത്രീയ്ക്ക് ഒറ്റക്ക് നമ്മുടെ സമൂഹത്തിലൂടെ വഴി നടക്കാൻ പറ്റില്ല. അവർക്കെതിരെ എന്തെങ്കിലും ആക്രമണം ഉണ്ടാകാം. അതു പോലെ തന്നെ എന്തെങ്കിലും ഒരു പ്രശ്നം ഉണ്ടായാൽ അതിൽ ഇടപെടാനോ പ്രശ്നം പരിഹരിക്കാനോ അതുമല്ലെങ്കിൽ ഒന്ന് ഉച്ചത്തിൽ സംസാരിക്കാനോ പറ്റില്ല. അതെല്ലാം പൊറുക്കാൻ പറ്റാത്ത അപരാധമാണ്. ഒന്ന് ഉറക്കെ സംസാരിച്ചാൽ 'പെണ്ണാണെങ്കിൽ അടങ്ങിയൊതുങ്ങി ജീവിക്കണം. ഉച്ചത്തിൽ സംസാരിക്കാൻ പാടില്ല' എന്നിങ്ങനെ നമ്മുടെ സമൂഹത്തിൽ നിന്നുമുള്ള അഭിപ്രായങ്ങളും ഉപദേശങ്ങളും വന്നു കൊണ്ടിരിക്കും. ഇതെല്ലാം സ്ത്രീകൾക്കെതിരെയുള്ള വിവേചനങ്ങളാണ്. ആണും പെണ്ണും ഒന്നാണ് അതിൽ വിവേചനം പാടില്ല. അത് കുട്ടികൾക്കിടയിലും മുതിർന്നവർക്കിടയിലും ഒരു മാനസിക സംഘർഷംർഷം ഉണ്ടാക്കും. സ്ത്രീയും ഈ സമൂഹത്തിന്റേതാണ്. ആണിനും പെണ്ണിനും തുല്യ അവകാശമാണ്. സ്ത്രീകൾ സമൂഹത്തിലെ അടിമകളല്ല. സ്ത്രീകൾ ചെയ്യുന്നതെല്ലാം തെറ്റല്ല എന്ന തിരിച്ചറിവാണ് നമ്മുടെ സമൂഹത്തിന് വേണ്ടത്. എന്നാൽ നമ്മുടെ സമൂഹം പുരോഗതി പ്രാപിക്കും.

# വാക്കുകൾ വചനങ്ങൾ

* പഠിക്കും തോറും നമ്മുടെ അജ്ഞത ബോധ്യമാവും -ഷെല്ലി

* ജന്മനാ ശ്രേഷ്ഠതയുള്ളവരേക്കാൾ അധികംപേർ പഠനം കൊണ്ട് ശ്രേഷ്ഠരായിട്ടുണ്ട് -സിസറോ

* പ്രവർത്തിച്ച് തേഞ്ഞ് പോവലാണ് വെറുതെയിരുന്ന് തുരുമ്പെടുക്കുന്നതിലും ഭേദം -കമ്പർലാന്റ്

* ജയിക്കാനുള്ള ഉറച്ചവഴി ജയിച്ചേ അടങ്ങൂ എന്ന നിശ്ചയമാണ് -ഷെറിഡൻ

* സ്നേഹം വെറുപ്പിനെ കീഴടക്കുന്നു -ഗാന്ധിജി

* സ്വഭാവത്തിൽ പരിമിതനും ആഗ്രഹങ്ങളിൽ അപരിമിതനുമാണ് മനുഷ്യൻ -ലമാട്ടിൻ

* കഷ്ടപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പ്രതിനിധികളാണ് -രവീന്ദ്രനാഥ ടാഗോർ

* ഒരിക്കലും ചിരിക്കാത്ത ദിവസം പൂർണ നഷ്ടമാണ് -ചാംഫോർട്ട്

* ആറടിമണ്ണ് എല്ലാവരേയും തുല്യരാക്കുന്നു -ഫ്രൻസീനി

# ഉത്തരമുള്ള തുള്ളി

♠ ലിഫ്ന. എ കെ  9 എ ♠

പൊഴിയുമീ മഴ നീന്തിക്കളിക്കുന്നു
മഴയുടെ പുരാണം വായിക്കുന്നു
പുഴയും കടലും ഭൂഖണ്ഡവും
പകർത്തുന്നു മടിക്കാതെ മനുഷ്യനും
അറിയട്ടെ, പ്രിയപ്പെട്ട മഴത്തുള്ളീ
നിന്റെ മണം? നിന്റെ നിറം? നാട്? വീട്?
ആര് കൂട്ടുകാരനാരു നിൻ പാട്ടുകാരൻ?
എത് തുള്ളിയിലാണുത്തരം?
നീ വരുന്നു, കുളിച്ച കയറുന്നു
ഇലയും തളിരും ചുട്ടുകാറ്റും കുന്നും
നിനക്കായ് എന്റെ പ്രസാദം
ഉത്തരത്തെ എന്റെ മുറ്റത്തിറക്കുക.
നിനക്കായ് എന്റെ പ്രസാദം.

# ലഹരി + ജീവിതം = മരണം




**♠ മൃദുല ഇ.പി 10 ബി ♠**

"എല്ലാ തിന്മകളുടേയും പെറ്റമ്മയും പോറ്റമ്മയുമാണ് മദ്യം" നമ്മുടെ രാഷ്ട്ര പിതാവായ ഗാന്ധിജിയുടെ വാക്കുകളാണിത്. ഈ വാക്കുകൾ ലഹരിയുടെ ദോഷം എത്രത്തോളം ഉണ്ടെന്ന് വിളിച്ചോതുന്നുണ്ട്. നാളിതുവരെ ലഹരി എന്ന് കേൾക്കുമ്പോൾ ആദ്യം മനസ്സിലേക്ക് ഓടി എത്തുന്ന മദ്യപാനം ആയിരുന്നു എന്നാൽ ഇന്ന് അവസ്ഥ മാറി. മദ്യപാനത്തേക്കാൾ ദോഷകരവും അപകടകരവുമായ മയക്കുമരുന്നിലേക്ക് യുവജനത മാറിക്കഴിഞ്ഞു. ലഹരിയെ സമീപിക്കുന്ന ജീവിത ചക്രത്തിന് വിവിധ തലങ്ങൾ ഉണ്ട്. ഒരുവൻ ആദ്യത്തെ പ്രാവശ്യം ലഹരി ഉപയോഗിക്കുന്നത് വെറുതെ ഒരു രസത്തിനാണ്. രണ്ടാമത്തേത് ഈ രസം ഒന്ന് ആവർത്തിക്കാനാണ്. മൂന്നാമത്തെ തലത്തിൽ താൻ അനുഭവിച്ച രസം കൂട്ടുകാരുമായി പങ്കിടാനാണ്. നാലാമത്തെ തലത്തിൽ എത്തുമ്പോഴേക്കും ഇതില്ലാതെ പറ്റില്ല എന്ന അവസ്ഥയിലേക്ക് എത്തിച്ചേരുന്നു. അന്നു മുതൽ തന്റെ ജീവിതത്തിൽ യഥാർത്ഥ രസം എന്തെന്ന് അനുഭവിക്കാൻ അവന് സാധിക്കാതെ വരുന്നു. ലഹരി ജീവിതത്തിൽ നിന്നും മാറ്റി എടുക്കണമെങ്കിൽ നന്മയുള്ള ജീവിതത്തിന്റെ ലഹരി എന്തെന്ന് നാം അറിയണം. ലഹരി ഉപയോഗം തുടങ്ങുന്ന ഒരു മലയാളിയുടെ ശരാശരി പ്രായം 13 വയസ്സാണെന്നുള്ള പുതിയ കണക്കുകൾ ഞെട്ടലോടെ വേണം നാം മനസ്സിലാക്കാൻ. വളരെ ചെറിയ പ്രായത്തിൽ തന്നെയുള്ള ഈ മൂല്യ തകർച്ച ഭാവിയിൽ വലിയൊരു സാമൂഹിക പ്രശ്നത്തിനും അരാജകത്വത്തിനും കാരണമാകും. ലഹരി നമ്മുടെ ജീവിതത്തെ കീഴ്പ്പെടുത്താതെ നന്മനിറഞ്ഞ ജീവിതം ഒരു ലഹരിയാക്കാൻ പരിശ്രമിക്കാം.

# പരിസ്ഥിതിയെ സംരക്ഷിക്കാം....

♠ ലമിയ. പി.ടി 10 ബി ♠

പരിസ്ഥിതിയെ സ്നേഹിക്കേണ്ടതിന്റെയും സംരക്ഷിക്കേണ്ടതിന്റേയും ആവശ്യകത ഇന്നു പൊതുസമൂഹം കൂടുതൽ മനസ്സിലാക്കുന്നുണ്ട്. എന്നാൽ പരിസര മലിനീകരണത്തിന്റെ പ്രവണതകളും സമാന്തരമായുണ്ട് എന്നതാണ് വസ്തുത. ലോക പരിസ്ഥിതി ദിനമായ ജൂൺ 5 ന ശേഷവും പരിസ്ഥിതി സംരക്ഷണത്തിന് ഉപകരിക്കുന്ന കർമപരിപാടികളിലേക്ക് എല്ലാവരുടേയും ശ്രദ്ധയും സഹകരണവും ഉണ്ടാകേണ്ടിയിരിക്കുന്നു. പ്രകൃതിയെ ആർത്തിയോടെ ചൂഷണം ചെയ്യുന്ന ഇന്നത്തെ അവസ്ഥ നമ്മൾ അവസാനിപ്പിക്കണം. മലയും പുഴയും മരവും മൃഗങ്ങളെയും നശിപ്പിക്കരുത്.... മനുഷ്യനെ സൃഷ്ടിച്ച ദൈവം തന്നെയാണ് ഈ പ്രപഞ്ചത്തിലെ ഓരോ വസ്തുവിനേയും സൃഷ്ടിച്ചത്.

മനുഷ്യരുടെ ആവശ്യത്തിനുള്ളത് ഈ ഭൂമിയിലുണ്ട് ആരുടേയും അത്യാർത്തിക്കുള്ളതല്ല, എന്ന മഹാത്മാഗാന്ധിയുടെ ഓർമ്മപ്പെടുത്തലിനെ ചേർത്തുവായിക്കാം.

പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത എന്തെന്നാൽ നമുക്കു ശേഷം വരാൻ ഇരിക്കുന്ന തലമുറകൾക്കെല്ലാമായി ഈ ഭൂമിയെയും അതിലെ ചരാചരങ്ങളേയും സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വം മനുഷ്യനുണ്ട്.

മനുഷ്യൻ പ്രകൃതിയോടു ചേർന്നു നിൽക്കുകയാണെങ്കിൽ സ്നേഹിക്കുകയും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യും എന്നതു തീർച്ചയാണ്. പൊതു സ്വത്ത് സംരക്ഷിക്കാൻ നമുക്കെല്ലാവർക്കും കടമയുണ്ട്. ഭൂമി നമ്മുടെ പൊതുഭവനമാണെന്ന് മനസ്സിലാക്കാനും പാലിക്കാനും സാധിക്കണം.

ഓരോ വ്യക്തിയും പരിസ്ഥിതി സംരക്ഷകനാവണം. അതു പോലെ തന്നെ ഓരോ കുടുംബവും ഓരോ ഗ്രാമത്തിലെയും ജനങ്ങളുടെ പരിസ്ഥിതി ബോധമുള്ളവരായി മാറണം. ആകാശവും സംരക്ഷിക്കാൻ നാം തയ്യാറാവണം.

പ്രകൃതിയെ ഞാൻ ദ്രോഹിച്ചാൽ പ്രകൃതി എന്നെയും ദ്രോഹിക്കുമെന്ന്, പ്രകൃതി നിയമം മനസ്സിലാക്കുവാൻ നമുക്കു കഴിയണം.

# ഗുരു..

♠ ദിയാ ബാബി. വി 10 ബി ♠

അറിവിൻ വെളിച്ചം പകരും ഗുരു

നേരിൻ മാർഗം കാട്ടിത്തരും ഗുരു

വിദ്യാലയ മുറ്റത്ത് ചെറു പുഞ്ചിരിയുമായി

വിദ്യാർത്ഥിനികളെ വരവേൽക്കുന്നവർ

നേരായ മാർഗം കാട്ടുന്നവർ

നേരിൻ പാഠങ്ങൾ പകർന്ന് നല്കും

തെറ്റുകൾ കണ്ടാൽ അരുതേ പറയും

നന്മകൾ എന്നും ചൊരിഞ്ഞിടുന്നവർ........

നന്മതൻ വഴികൾ ചൊരിയും ഗുരു.........

അറിവുകൾ പകർന്ന് വിജയത്തിൻ പടികൾ–

ഓരോന്നായി ജയിച്ചുയരാൻ.........

നന്മതൻ നിറകുടമാണെൻ ഗുരു.........

# കലണ്ടർ വിശേഷങ്ങൾ

♠ ജഹാന ഷിറിൻ 8 ഐ ♠

## ഹിജ്റ വർഷം

ലോകത്ത് വളരെ അധികം പ്രചാരമുള്ള കലണ്ടറാണിത്. ശത്രുക്കളുടെ നിരന്തര ശല്യം സഹിക്കാനാകാതെ പ്രവാചകൻ മുഹമ്മദ് നബി(സ്വ) മക്കയിൽ നിന്നും മദീനയിലേക്ക് ഹിജ്റ(പാലായനം) പോയ ദിവസം മുതലാണ് ഈ കലണ്ടർ കണക്കാക്കുന്നത്.

## ഹിബ്രു കലണ്ടർ

ജൂതന്മാർ ആശ്രയിച്ചിരുന്ന കലണ്ടറാണിത്. മതപരമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും അവലംബമാക്കിയ ഈ കലണ്ടർ വേദപുസ്തകത്തിൽ മാറ്റം വരുത്തിയത് പോലെ അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് മാറ്റം വരുത്തിയിരുന്നു.

## ജൂലിയൻ കലണ്ടർ

ജൂലിയസ് സീസർ രൂപം നൽകിയ കലണ്ടറാണ് ജൂലിയൻ കലണ്ടർ. ആകാശഗോളങ്ങളേയും നക്ഷത്രങ്ങളേയും അടിസ്ഥാനമാക്കിയുള്ള കലണ്ടറാണിത്.

## ചൈനീസ് കലണ്ടർ

വിശേഷദിനങ്ങൾ കുറിക്കാൻ ഉപയോഗിക്കുന്ന കലണ്ടറാണ് ചൈനീസ് കലണ്ടർ. ചാന്ദ്ര-സൂര്യ മാസങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ കലണ്ടർ രൂപപ്പെടുത്തിയത്. കാള, കടുവ, പന്നി, മുയൽ, പാമ്പ് തുടങ്ങിയ ജീവികളുടെ ചൈനീസ് നാമങ്ങളിലായിരുന്നു ഇവയുടെ മാസങ്ങൾ അറിയപ്പെട്ടിരുന്നത്.

# ഉത്സവ കാലം - ഒരാസ്വാദനക്കുറിപ്പ്

♠ അസ്നിയ. ഒ പി 8 ഐ ♠

രാജൻ കരുവാരക്കുണ്ട് സാർ എഴുതിയ ഉത്സവകാലം എന്ന പുസ്തകം എനിക്ക് വളരെ അധികം ഇഷ്ടപ്പെട്ടു, കാരണം സാറിന്റെ ആ പുസ്തകത്തിലെ കഥ അവധിക്കാലത്ത് കുട്ടികളുമായി ഒത്തുചേർന്ന ഒരു നാരായണൻകുട്ടി മാഷിനെക്കുറിച്ചാണ്. സ്കൂളിലെ ഒരു ക്ലാസ്സിലെ കുട്ടികളെല്ലാം ചേർന്ന് ഒരു നാടകം ഉണ്ടാക്കുന്നതിനുള്ള തയ്യാറെടുപ്പുകളെക്കുറിച്ചാണ് അദ്ദേഹം ആ കഥയിൽ എഴുതിയിരിക്കുന്നത്. ഒരു കുട്ടിയുടെ ജീവിത കഥയാണിത്. അവൾ ഒരു നല്ല നാടകകൃത്താണ്. സ്കൂളിൽ നടക്കുന്ന ഒരു പരിപാടിയുടെ ഭാഗമായാണ് മുംതാസ് എന്ന ആ കുട്ടി അവളുടെ കഴിവിനെ പുറത്തെടുക്കാൻ ശ്രമിക്കുന്നത്, എന്നാൽ അവളുടെ ആ കഴിവിനെ എതിർക്കുന്ന കഥാപാത്രങ്ങളെക്കുറിച്ചും ഉത്സവകാലം എന്ന ഈ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട് എന്നാൽ ആ തടസ്സങ്ങളെല്ലാം മറികടന്നുകൊണ്ട് അവൾ നാടകം എഴുതി വിജയിച്ചുകൊണ്ട് അവരെ കാണിക്കുകയാണുണ്ടായത്. ഇതിൽ നിന്ന് എനിക്കു മനസ്സിലായ ഒരു വലിയ കാര്യമുണ്ട്-മറ്റുള്ളവരെ പേടിച്ചുകൊണ്ട് നാം നമ്മുടെ കഴിവിനെ മറച്ചുവയ്ക്കരുത്. അത് ഞാൻ ചെയ്യും എന്ന് പറഞ്ഞ് കൊണ്ട് ആത്മവിശ്വാസത്തോടെ എന്തിനെയും നേരിടും എന്ന ചിന്തയോടെ എല്ലാ നല്ല പ്രവർത്തിയും നാം ചെയ്യണം എന്ന ഒരു ഉപദേശവും ഉത്സവകാലം എന്ന പുസ്തകത്തിലെ കഥ നമ്മോടു പറയുന്നു. ഈ കഥയുടെ പൊരുൾ മനസ്സിലാക്കിയപ്പോൾ എനിക്ക് ഇത് വളരെയധികം ഇഷ്ടപ്പെട്ടു.

# സുഹൃത്ത്



**ഗോപാലകൃഷ്ണൻ. സി**

രവീന്ദ്രൻ മാസ്റ്റർക്ക് സമർപ്പിക്കുന്നു.......

ഹേ സുഹൃത്തേ,

നിന്റെ ജീവിതമൊരു മഹാപാഠ പുസ്തകം

നന്നേ കുറഞ്ഞയേടുകളുള്ള പാഠപുസ്തകം

ഓരോരോയേടിലും നിണമണിഞ്ഞ ഓർമ്മകൾമാത്രം

നിന്റെ ജീവിതമൊരു മഹാചരിതംപോലെ തരളിതം

നിന്റെ സൗഹൃദവും ദയാവായ്പ്പും ആർദ്രതയും

ഉൾപ്പുളകമണിയിച്ചീടുന്നു ഞങ്ങളെയെന്നും

നിൻ പാത പിൻതുടർന്നീടുവാൻ

കൊതിപ്പൂ ഞങ്ങളെന്നുമീ ധരണിയിൽ

ഇന്നുനീ നിലാവിന്റെ കുളിരേറ്റു

വിഹരിപ്പൂ സ്വച്ഛന്ദം സ്വർഗത്തിലങ്ങിനെ

ഇങ്ങുഞങ്ങളോ വെന്തുരുകുന്നു

ആദിത്യതാപമേറ്റു മനസ്സും ശരീരവും

നിൻ ജീവിതമെത്ര ക്ഷണികമെങ്കിലും

നീയെത്രധന്യൻ നീയെത്രധന്യൻ

# Fairy & Daisy

- Blessing Feba 8 C

*A Summer time no one have no money . Daisy a poor baker lived in a land She makes very tasty cake in all days at last she had no money for buying things for making cakes, One day an evening time an old captain military man came and said to Daisy, "oh baker daisy I want 100 cakes within 5 days " and he gone. Poor daisy cried in a slow voice because she had no money to buy things for making cakes .*

*At last she found things for a cake . Daisy thought that make a cake and eat it for 2 days and die . She made a cake and she is ready for eat at that time a small girl is crying for food, Daisy gave that cake to that small girl , she ate the cake , suddenly that girl became a fairy . The fairy asked :" Daisy what's your problem " Daisy replied that she had nothing to eat and nothing for making cakes . Fairy gave a ring and said Daisy to wish that what she needed . But she asked only 100 R.S and return back the ring to the fairy. Fairy understand Daisy's good mind . For her good mind fairy gave a good home ,bakery and food and raw materials of cakes for a long period [for all days that up to she die. And fairy told that "Help others they will help you too". And fairy disappeared, Daisy became very happy and she made her life for helping others.*

*Moral : "Help others some times the god will come as beggar"*

# നാട്ടുണരണം ലഹരിക്കെതിരെ...



♠ മുഹമ്മദ് റംസാൻ 9 ജി ♠

മനുഷ്യോത്പത്തിയുടെ അത്ര തന്നെ പഴക്കമുണ്ട് മയക്കുമരുന്നിനും ലഹരിക്കും. എന്നാൽ സമൂഹത്തിന് ഇത്ര അപകടമുണ്ടാക്കുന്ന തരത്തിൽ ലഹരിയുടെ ഉപയോഗം വ്യാപകമാകുന്നത് ഇക്കാലത്താണ്. മുമ്പൊന്നും ഇത്ര പേടിയും ഉത്കണ്ഠതയും ജനിപ്പിക്കുന്ന അളവിൽ മയക്കുമരുന്നിന്റെ ഉപയോഗം വ്യാപകമായിട്ടില്ല. മൂല്യബോധം താരതമ്യേന കൂടുതലുള്ള പൗരസ്ത്യനാടുകൾ പോലും ഇതിൽ നിന്ന് മുക്തമല്ല. പണമുണ്ടാക്കാനുള്ള വ്യഗ്രതയിൽ മയക്കുമരുന്ന് ലോബി നശിച്ച് പോകുന്ന ഒരു തലമുറയെ കുറിച്ച് വേവലാതിപ്പെടുന്നില്ല. മയക്കുമരുന്ന് ഉപയോഗിക്കുമ്പോൾ മനുഷ്യന് വിവേചനബുദ്ധിയും സ്വബോധവും നഷ്ടമാകുന്നു. ശരിയോ തെറ്റോ എന്ന് അറിയാതെ തോന്നുന്നതെല്ലാം ചെയ്യുന്നു. ലഹരിക്ക് പണം. പണത്തിന് എന്തും ചെയ്യും. പുതുതായി ഒരുത്തനെ ലഹരിക്ക് അടിമപ്പെടുത്തുമ്പോൾ സന്തോഷവും. ലഹരിക്കായി കൊല്ലാനും മോഷ്ടിക്കാനും മടിയില്ല. മയക്കുമരുന്നുകൾ ഉപയോഗിക്കുന്നവർ അതിവേഗം സൗഹൃദസംഘങ്ങളുണ്ടാക്കുന്നു. പിന്നീട് അതിവേഗം സമൂഹത്തിൽ നിന്ന് ഉൾവലിയുന്നു. ലഹരി നൽകുന്ന ആവേശത്തിൽ എല്ലാം ശരിയാണ് എന്ന് ചിന്തിക്കുന്നു. ഡൽഹിയിലെ നിർഭയ മുതൽ ജിഷയും സന്ധ്യയും വരെ മയക്കുമരുന്നിന്റെ ഇരകളാണ്. മദ്യപിച്ച് വന്ന് വീട്ടുകാരുമായി വഴക്കിടുന്ന ആൾമുതൽ നാട്ടിൽ ഗുണ്ടായിസം കാണിക്കുന്നവർ വരെ എല്ലാവരും ലഹരിയുടെ അടിമത്വം ചോദിച്ച് വാങ്ങുന്നവരാണ്. ആദ്യം ബീഡിയോ, സിഗരറ്റോ, പിന്നീട് അൽപം കൂടി വലിയത്. തുടർന്ന് ലഹരിയുടെ മായിക ലോകം. ഡിജെ പാർട്ടികളും പാട്ടും കൂത്തുന്നതുമായി ഒരു തലമുറ നശിക്കുകയാണ്. നമ്മുടെ പ്രയപ്പെട്ട കരുവാരക്കുണ്ടിന്റെ നാട്ടുനന്മയിലും ലഹരിയുടെ നഖങ്ങൾ പിടിമുറുക്കിതുടങ്ങിയിരിക്കുന്നു എന്നത് വേദനാജനകമാണ്. സ്കൂളിൽ ലഹരിക്കെതിരെ

ധാരാളം പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നാട്ടിൽ ബോധവത്കരണവും നടക്കുന്നുണ്ട്. അധ്യാപകരും രക്ഷിതാക്കളും നിയമപാലകരും ഇപ്പോൾ ബോധവാന്മാരാണ്. നാട്ടുണരുന്നു. നാടിനെ ലഹരിമുക്തമാക്കാൻ.



# 'ഹർ'-ത്താൽ

♠ ലിയ പൂതൻകോടൻ 7 ഇ ♠

ടിങ്...ടിങ്...ടിങ് ബാപ്പയുടെ മൊബൈലിൽ നിന്നും അലാറം മുഴങ്ങി. ആദ്യത്തെ മുഴക്കത്തിൽ തന്നെ രണ്ടു പേരിൽ മൂത്തവളായ റസിയ കൺ തുറന്നു. രണ്ടാമത്തെയാൾ ആച്ച എന്ന് വിളിക്കുന്ന ആയിശയാവട്ടെ എഴുന്നേൽക്കണൊ, വേണ്ടയോ എന്ന് സംശയിച്ച് അടുക്കളയിലേക്ക് ചെവി കൂർപ്പിച്ച് കിടക്കുകയാണ്. റസിയ എണീറ്റതും അടുക്കളയിലേക്ക് ചെന്നു. "പൂച്ചപോലും നമ്മളെ ജീവിക്കാൻ സമ്മയിക്കുല, അസത്തിന്റെ കുട്ട്യാൾക്ക് ഞാന് ഞ്ഞി എന്ത് കൊടുക്കും". നിലത്ത് വീണ് കിടക്കുന്ന മാവ് വൃത്തിയാക്കുന്നതിനിടെ ഉമ്മ പിറുപിറുത്തു പറഞ്ഞിട്ടു കാര്യമില്ല. ആ അരിമാവു മാത്രമായിരുന്നു അന്നത്തെ ശരണം. വീണ്ടും അടുക്കളയിൽ ഏതെങ്കിലും പാത്രത്തിൽ വല്ലതും ബാക്കിയുണ്ടോ എന്ന് പരതുകയാണ് ഉമ്മ- "ആച്ചൂ ഇജ് എണീക്ക്ണില്ലേ? മതി കടന്നത് നേരം കൊറേ ആയി.

"ഓ.. ഇവിടെ ചിക്കനും പൊറോട്ടയും ഒന്നും ഇല്ലല്ലോ? ന്ന്ട്ടല്ലേ നീക്കണത് " എണിക്കലും ഒരു ഡയലോഗ് ഉമ്മാക്ക് കൊടുത്തതും ഒരുമിച്ചായിരുന്നു. ഇതുകേട്ട ബാപ്പയുടേയും ഉമ്മയുടേയും മുഖത്തെ ദയനീയ ഭാവം അവളെ വല്ലാതെ കുറ്റബോധത്തിനിരയാക്കി. അന്നത്തെ ദിവസം ഉമ്മ തിരഞ്ഞുപിടിച്ച് കണ്ടെത്തിയ രണ്ടു നാഴി അരിക്കൊണ്ട് ആ നാലംഗ കുടുംബം കഴിഞ്ഞുകൂടി.

ഇടക്കിടെ വീട്ടിൽ ചില ആരോഗ്യ ക്ലാസുകൾ നടക്കും. പ്രത്യേകിച്ച് പട്ടിണി ദിവസങ്ങളിൽ, ഉപ്പയും, ഉമ്മയും 'ഷുഗറി'നെ കുറിച്ച് സംസാരിക്കുന്നത് കേട്ടാൽ ഉറപ്പിക്കാം നാളെ ചായക്ക് മധുരമുണ്ടാവില്ല. കൊളസ്ട്രോളും, പ്രശറും ആണ് വിശയമെങ്കിൽ പലഹാരങ്ങളോ, മാംസമോ, മീനോ, പ്രത്യേക കറികളൊ ഒന്നും തന്നെ കാണാനാവില്ല. എന്നാൽ അന്നു രാത്രി വേറെയായിരുന്നു ചർച്ചാവിഷയം.

"നാളെ അച്ചുന് സ്കൂളിന്ന് അരികിട്ടുത്തരെ" ഉമ്മ ഉപ്പയെ നോക്കി ആവേശത്തോടെ പറഞ്ഞു. "ഹാഊ...നാളെ രാത്രിയെങ്കിലും കുട്ട്യാൾക്ക് പള്ളറച്ച് ചോറെങ്കിലും തിന്നാലൊ" ഉപ്പാന്റെ മുഖവും വല്ലാതെ തെളിഞ്ഞു.

ബാപ്പക്ക് ഒരു സ്ഥിരജോലിയുണ്ടായിട്ട് ഒരാണ്ട് കഴിഞ്ഞു. ആഴ്ചയിൽ ഒന്നോ, രണ്ടോ പണി അതുകൊണ്ട് കുടുംബത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ബാപ്പയും ഉമ്മയും മൽസരിച്ചു. "എടാ

സാബിറേ...നാളെ ക്ലാസില്ല ഏതോ പാർട്ടിയുടെ ഹർത്താലാണത്രെ" ആ സമയത്ത് അതുവഴിപോകുന്ന കുട്ടികളിൽ ഒരാൾ വിളിച്ചുപറഞ്ഞു. ഇതുകേട്ട ബാപ്പ പരിഭ്രമത്തിൽ മുഖം ചുളിച്ച് ഉമ്മയെ നോക്കി, കുറച്ച് സമയത്തിനകം അത് സത്യമാണെന്ന് വ്യക്തമായി.

"ഓ ഈശ്വാരാ നാളത്തെ എന്റെ പരീക്ഷ... അയലത്തെ ഡിഗ്രിക്കാരി ലതയുടെ ടെൻഷൻ, "ദൈവമേ നാളെ വീട് പണിക്ക് ആളോള് വരില്ല്യാല്ലൊ" ദാസേട്ടാ ഹർത്തലല്ല്യോ? ഇത് അയലത്തെ ഗീത ചേച്ചിയുടെ ആശങ്ക, "പടച്ചറബ്ബേ ഞമ്മക്ക് നാളെ പീടിയതൊറക്കാനും പറ്റൂലല്ലൊ, ശ്ശൊ. പച്ചക്കറി അത് അങ്ങട്ട് പോയി കിട്ടി". പച്ചക്കറികടക്കാരൻ മമ്മദ്ക്ക തലയിലെ കെട്ട് ഒന്ന് അഴിച്ച് പിന്നെയും ചുറ്റി പറഞ്ഞു, കർത്താവെ മനസ്സമ്മതത്തിന് വിളിച്ചവര് എങ്ങനെ വരും, ഇത്തരത്തിൽ പലർക്കും പലവിധ ആശങ്കകൾ.

പക്ഷെ ഈ നാലംഗ കുടുംബത്തിന്റെ വേവലാതി മറ്റൊന്നായിരുന്നു. " പടച്ചോനെ നാളെം ന്റെ മക്കള് പട്ടിണി" ഉമ്മയുടെ പരിഭ്രമം അതായിരുന്നു, കാരണം നാളെയാണ് സ്കൂളിൽ നിന്നും അരിയുണ്ടെന്ന് ടീച്ചർ പറഞ്ഞത്.

സ്കൂളിൽ പഠിപ്പുണ്ടാവില്ല എന്നറിഞ്ഞിട്ടും ആ ബാപ്പയും ഉമ്മയും അന്നേ ദിവസം പതിവുപ്പോലെ ബാഗിൽ കുറച്ചു പുസ്തകത്തോടൊപ്പം ഒരു സഞ്ചിയും ഇട്ട് രണ്ട് മക്കളെയും സ്ക്കുളിലേക്ക് അയച്ചു. അവർ കൺമുന്നിൽ നിന്നും മറയും വരെ കണ്ണീരോടെ ഉപ്പയും ഉമ്മയും മക്കളെ നോക്കി നിന്നു. നിർഭാഗ്യം അന്ന് കുട്ടികൾ കുറവാണെന്ന കാര്യത്താൽ അരി വിതരണം അടുത്തദിവസത്തേക്ക് മാറ്റി വെച്ചു. അന്നു മുതൽ ആച്ചുവിന് ലോകത്ത് ഏറ്റവും വെറുപ്പുള്ള രണ്ട് കാര്യങ്ങൾ, പൂച്ചയും ഹർത്താലുമായി. അന്നും പതിവ് പോലെ "ആരോഗ്യ ക്ലാസ്" മുറതെറ്റാതെ നടന്നു. അടുത്തദിവസവും രാവിലെ ഷുഗറിനെ പറ്റിയുള്ള ക്ലാസ്സ് കേട്ട് 'ആച്ചു' റസിയയുടെ കൂടെ സ്കൂളിലെത്തി. ക്ലാസിൽ ആച്ചു തന്റെ അടുത്ത കൂട്ടുകാരിയായ സുകന്യയോട് എന്തോ പറയാൻ വേണ്ടി നാവെടുത്തതും "ആയിശേ ഇന്നലെ വന്നേര്ന്നൊ ?" എന്ന സുകന്യയുടെ ചോദ്യം കേട്ട് "ഞാൻ വന്നീന്നു", എന്ന് ഉത്തരം പറഞ്ഞു.

അല്ല ആയിശേ പഠിപ്പില്ലാണ്ട് നീയെന്തിനാ ഇന്നലെ വന്നത്? പോയിട്ട് കാര്യല്ല്യാ ഹർത്താലാണെന്ന് അച്ഛൻ പറഞ്ഞു. ചേച്ചീം ഞാനും ഒന്നും വന്നേര്ന്നില്ല്യ. ഓ.."ഒരു ഹാജറെങ്കിലും കിട്ടുവോലൊന്ന് ബാപ്പ പറഞ്ഞു" ആച്ചു തട്ടിവിട്ടു.

സുകന്യേ എന്താടീ യീ ഹർത്താല്? തന്റെ ഒരു ദിവസത്തെ അന്നം മുടക്കിയ വില്ലനെ ഒന്ന് പരിചയപ്പെടാൻ തന്നെ ആച്ചു തീരുമാനിച്ചു. "ഇയ്യോ... അതറിയില്ല്യേ? കുറെ പീട്യകളും

അതിന്റെ ചില്ലും ഒക്കെ അടിച്ച് പൊട്ടിക്കും,ബസ്സും കാറും വണ്ട്യോളും ഒന്നും ഓടില്ല്യാ...  ഓട്യാൽ തല്ലി പൊളിക്കും, പിന്നെ ജാഥവിളിം,ആള്വോള് തമ്മിതല്ലും,തെറിവിളിം... ഒക്കെണ്ടാവും, വീട്ടിൽ എല്ലാരും ണ്ടാവും, ആരും പണിയ്ക്ക് പോവില്ല്യ... വീട്ടിൽ നല്ല രസമായിരിക്കും, തന്റെ കൈവശമുള്ള വലിയ ഒരറിവ് ആച്ചുവിന് കൈമാറിയ ഗമയിൽ ഇരിക്കുന്ന സുകന്യയോട് ആച്ചുവിന്റെ രണ്ടാമത്തെ ചോദ്യം ഇതായിരുന്നു. എന്തിനാന്നെലെ ഹർത്താല്ണ്ടാക്കിയത്? ഓ... അതോ അമ്പലത്തില് പെണ്ണുങ്ങള് കേറിട്ടാണ്. അച്ഛനും അമ്മേം പറയണത് കേട്ടു."ന്റെ റബ്ബേ...ഞ്ഞീം അമ്പലത്തില് പെണ്ണ്ങ്ങള് കേറ്വോ" നെഞ്ചത്ത് കൈവച്ച് സ്വയം ആശങ്കപ്പെടുന്ന ആച്ചുവിനെ നോക്കി . അല്ല ഹർത്താലായ ഈ ആയിശുനെന്താ നഷ്ടം"എന്ന് അപ്പോഴും സുകന്യയുടെ മനസ്സിൽ ഒരു ചോദ്യമായി തന്നെ നിന്നു.....



# HARDWARE AND SOFTWARE

Daniya O V 9 A

## HARDWARE

You are familiar with different parts of a computer such as keyboard, mouse, CPU, monitor, printer,etc. We can see and touch components. They help the computer to perform the task as per the instruction given to it. These physical components of the computer are called hardware.

Similarly, when you give instruction to computer to add '3' and '4' CPU adds the two numbers and the monitor displays the result 'a' for you, so the CPU, keyboard and monitor and hardware parts.

The pen and notebook help you to follow your teacher's instruction. The result of the instruction is displayed in the hardware part that is, notebook. Similarly when you give instruction to computer to add any numbers, keyboard gives the numbers to be added to the CPU. The CPU calculators the numbers and passes the result to the monitor.

## SOFTWARE

Similarly, we have to give certain instructions to the computer to perform a task. A set of such instructions is called software. We

*cannot see as touch the software, suppose you want the computer to add 3 and 4. Then you have to give the instruction add two numbers 3 and 4. This type of instructions to computer is known as software. The software is classified into two types they are given below :*

1) *System software*

2) *Application software*

## *SYSTEM SOFTWARE*

*It is the one of the software in the computer. The system software is used to get the insert items from the computer.*

## *APPLICATION SOFTWARE*

*It means the program software. It we cannot see and cannot touch. Mainly more type of software are in the word. eg: paint,MS word,etc. Here mainly software is macro media and power point.*



# നമ്മുടെ ഗണിത ലോകം

## ഇന്നലെ - ഇന്ന് - നാളെ



**എ. വിനോദ്**

**SITC**

മനുഷ്യനാഗരികതയുടെ കൂടപ്പിറപ്പാണ് ഗണിതശാസ്ത്രം എന്നുപറയാറുണ്ട്. ഏറ്റവും പൗരാണികമായ വൈദിക സാഹിത്യങ്ങളിൽ പോലും ഗണിത ചിന്തകളും തത്വങ്ങളും സംഖ്യ സമ്പ്രദായവും അടങ്ങിയിട്ടുണ്ട്. ഛാന്ദോഗ്യോപനിഷത്തിൽ സനത്കുമാരന്റെ പ്രശ്നങ്ങൾക്ക് മറുപടി പറയുന്ന നാരദമുനി 18 ശാസ്ത്ര വിഷയങ്ങൾ സൂചിപ്പിക്കുന്നിടത്ത് ഗണിതത്തിന് പ്രമുഖമായ സ്ഥാനമാണ് നൽകിയിരിക്കുന്നത്. രാശി വിദ്യ എന്നാണ് ഉപനിഷത്തിൽ ഗണിതത്തിന് നൽകിയിരിക്കുന്ന പേര്. സർവ വേദാംഗശാസ്ത്രങ്ങളിലും വെച്ച് ഗണിതം ആണ് അതിപ്രധാനം എന്ന് വേദാംഗ ജ്യോതിഷം പ്രഖ്യാപിക്കുന്നു. ഗണിതത്തെ കുറിച്ച് ഇങ്ങനെയെല്ലാം ചിന്തിച്ച് കാലഘട്ടം അയ്യായിരം വർഷം മുമ്പാണെന്നോർക്കണം.. ലോകത്തെ മറ്റ് ഗണിത പൈതൃകത്തിൽ നിന്നും ഭാരതത്തെ വ്യത്യസ്തമാക്കുന്നത് ചരിത്രാതീതകാലം മുതൽ ഇന്നോളമുള്ള നൈരന്തര്യമാണ്. ജ്ഞാനപ്രസരണത്തിന്റെ പുതിയ പുതിയ മാധ്യമങ്ങളെ സ്വീകരിക്കാൻ നമ്മൾ എന്നും തയ്യാറയതാണ് ഇതിന്റെ പിറകിലെ ശക്തി. ലോകത്തും എണ്ണാൻ പഠിപ്പിച്ചത് ഭാരതീയരീണ് എന്ന ആൽബർട്ട് ഐൻസ്റ്റീന്റെ വിഖ്യാതമായ പ്രസ്താവന നമ്മുടെ ഗണിത പാരമ്പര്യത്തെലോകം എത്രമാത്രം വിലമതിക്കുന്നു എന്നതിന്റെ ദൃഷ്ടാന്തമാണ്.

പ്രഗൽഭരായ ഗണിത ശാസ്ത്രജ്ഞൻമാർക്ക് ഭാരതം ആധുനീകകാലത്തും ജന്മം നൽകിയിട്ടുണ്ട്. ഓരോ സംഖ്യയേയും ആത്മമിത്രമായി സ്വീകരിക്കുകയും ബാല്യം മുതൽ മരണം വരെ തന്റെ ജീവിതം ഗണിതശാസ്ത്രത്തിനായി സമർപ്പിച്ച വ്യക്തിയായിരുന്നു ശ്രീനിവാസ രാമാനുജൻ. അനന്തതയേ അറിഞ്ഞ ആൾ എന്നാണ് അദ്ദേഹത്തെ ലോകം വിശേഷിപ്പിക്കാറ്. ഇന്നത്തെ ശാസ്ത്രലോകത്തിന്റെ സംഭാവനകൾക്ക് എല്ലാം അതീതമായ

ഒരു അത്ഭുതമായാണ് രാമാനുജനെ പലരും കാണുന്നത്. "എല്ലാ സങ്കീർണതകളെയും തരണം ചെയ്തു പുതുതായി എന്തെങ്കിലും പറയാൻ കഴിവുള്ള പ്രതിഭാശാലി" എന്ന് 'ഗണിത ലോകം" എന്ന വിഖ്യാത ഗ്രന്ഥത്തിന്റെ കർത്താവായ ജെയിംസ് ആർ ന്യൂമാൻ രാമാനുജനെ കുറിച്ച് പറഞ്ഞിരിക്കുന്നത്.

നമ്മുടെ കേരളത്തിനും ഉണ്ട് അഭിമാനകരമായ ഒരു ഗണിത പാരമ്പര്യം. വരരുചിയും ആര്യഭട്ടനും കേരളീയരാണെന്ന് വിശ്വസിക്കപ്പെടുന്നു. പതിനാലാം നൂറ്റാണ്ട് മുതൽ പതിനാറാം നൂറ്റാണ്ട് വരെ കേരളീയരായ ഗണിത പ്രമുഖരിലൂടെ ഉയിർകൊണ്ട ഗണിത ആശയങ്ങളാണ് കലനം അടക്കമുള്ള ആധുനിക ഗണിതത്തിന് അടിത്തറ പാകിയത്. മലയാള ഭാഷയിൽ രാമായണ കാവ്യം എഴുതപെടുന്നതിന് മുമ്പേ ഗണിത ശാസമെടക്കമുള്ള ശാസ്ത്ര ഗ്രന്ഥങ്ങൾ എഴുതപ്പെട്ടിരുന്നു. പതിനേഴ് പതിനെട്ട് നൂറ്റാണ്ടുകളിൽ യൂറോപ്പിലുണ്ടായ ഗണിത വളർച്ചക്കും രണ്ടു നൂറ്റാണ്ടുകൾക്ക് മുമ്പ് കേരളത്തിലുണ്ടായ ഗണിത ശാസ്ത്ര കണ്ടുപിടുത്തങ്ങൾ അറിഞ്ഞാൽ ആരും അത്ഭുതപ്പെട്ടു പോകും. അവയുടെ പുനരാവിഷ്കരണമോ സ്വതന്ത്ര ആവിഷ്കാരമോ ആണ് പിന്നിട് യൂറോപ്പിൽ ഉണ്ടായത് എന്നാണ് പുതിയ പരിത്ര ഗവേഷകർ അഭിപ്രായപ്പെടുന്നത്. ഭാരതത്തിലെ ഗണിത വികാസത്തിന്റെ ഈ സുവർണ്ണ യുഗത്തെ തമസ്കരിക്കുന്നത് ചരിത്രത്തോട് കാണിക്കുന്ന നീതികേടായും അവർ വിലയിരുത്തുന്നു. ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെ പിന്തുടർച്ചയുടെ യൂറോ കേന്ദ്രിത മനോഭാവം ഇന്നും നിലനിൽക്കുന്നതിനാലാണ് നമുക്ക് നമ്മുടെ പൂർവ്വകാല മഹിമയെ അറിയാനും അംഗീകരിക്കാനും കഴിയാത്തത്. വർത്തമാനക്കാലം അത്ര ശോഭനമല്ലാ എന്നതും സത്യമാണ്. പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കാൻ അവസരം ഉണ്ടാകുമ്പോഴും മൗലികമായ ശാസ്ത്ര പ്രതിഭകളെ സൃഷ്ടിക്കാൻ കഴിയുന്നില്ല എന്ന് എപിജെ അബ്ദുൽ കലാമിനെ പോലുള്ളവരുയെ നിരീക്ഷണം ഒരുവശത്തും, സാധാരണ വിദ്യാലയങ്ങളിൽ പഠിച്ചു വരുന്ന കുട്ടികളുടെ ഗണിതശേഷി പ്രതീക്ഷയിലും വളരെ താഴ്ന്നതാണ് എന്ന ദേശീയ അച്ചീവ്മെന്റ് സർവ്വേ പോലുള്ള പഠനങ്ങളും കാണിക്കുന്ന ചിത്രം അതാണ്. കുട്ടികളിലെ മൗലിക പ്രതിഭകൾ വളർത്തണമെങ്കിൽ പഠനം പരീക്ഷകളുടെ സമ്മർദ്ദത്തിൽ നിന്നും മോചിപ്പിക്കണം. അനുഭവത്തെയും അനുഭൂതിയുടെയും ആനന്ദം നൽകുകയും വേണം. പരീക്ഷ തന്നെ ഉത്സവമാക്കാൻ സാധിക്കണം. ഗണിത പഠനം രസകരവും ലളിതവും

പ്രവർത്തനാധിഷ്ഠിതവും ആക്കിയാൽ ഏറെ ഗുണകരമാകും. എന്തെല്ലാം പഠിക്കണം(ലേർണിംഗ് ഒബ്ജക്റ്റീവ്) എന്നതിനേക്കാൾ എന്തു പഠിച്ചു (ലേർണിംഗ് ഔട്ട്കം) എന്ന ഭയരഹിതമായ ബോധ്യത്തിലേക്ക് നമ്മൾ മാറേണ്ടതുണ്ട്. അതിലൂടെ നമ്മുടെ ഗണിത പഠനം മെച്ചപ്പെടുക മാത്രമല്ല ചെയ്യുക, നമ്മുടെ കുട്ടികളിൽ അഭിരുചിയും പ്രതിഭയും വീണ്ടും ഉണർന്നെണീക്കുകയും ചെയ്യും. നമ്മുടെ പാരമ്പര്യവും പൈതൃകവും അതാണ്.

പഠനം ക്ലാസ് മുറിയിലെ പ്രവർത്തനം മാത്രം ആവരുത്. മൂല്യനിർണയവും പ്രോത്സാഹനവും പുതിയ ചക്രവാളങ്ങൾ ഒരുക്കുന്ന ഈ കാലഘട്ടത്തിൽ അതോടൊപ്പം മുന്നേറാൻ സ്വയം രൂപപ്പെടുന്നവർക്ക് പുതുയുഗത്തിൽ മുൻനിരയിൽ സ്ഥാനം ലഭിക്കും. വിജ്ഞാനവിസ്ഫോടനത്തിന്റെ കാലമാണ് ഇത്. അറിവ് ആവശ്യാനുസരണം സ്വീകരിക്കുന്നതോടൊപ്പം നമ്മളുടെ അറിവ് മറ്റുള്ളവർക്കായി വിനിമയം ചെയ്യാനും നാം തയ്യാറാകണം. പുതിയ ഡിജിറ്റൽ ലോകം അതിരുകളില്ലാത്ത സാധ്യതയാണ് ഈ രംഗത്ത് തുറന്നിട്ടിരിക്കുന്നത്. നാം പരീക്ഷിച്ചതും വിജയിച്ചതും അതിൽനിന്നും നിഷ്പന്നമാകുന്നതുമായ അറിവിനെ പൊതുമണ്ഡലത്തിൽ സമർപ്പിക്കുന്നതും ഇന്നത്തെ പഠനപ്രവർത്തനത്തിൽ ഭാഗമാണ്. കേരളത്തിലെ അധ്യാപകർക്കായുള്ള സമഗ്ര പോർട്ടൽ ദേശീയതലത്തിൽ ആവിഷ്കരിച്ച ആവിഷ്കാർ അടക്കമുള്ള നിരവധി ഡിജിറ്റൽ വേദികളും അറിവിന്റെ ആദാനപ്രദാനങ്ങൾ അനായാസം ആക്കിയിരിക്കുന്നു. ലളിതമായ ഗണിത പഠന രീതികളും പ്രയോഗങ്ങളും ആവിഷ്കരിക്കാനും പരീക്ഷകളുടെ ചോദ്യങ്ങൾക്ക് പുറത്ത് പ്രതിഭാവിലാസത്തെ കൂടി മൂല്യനിർണയത്തിനും പ്രോത്സാഹനത്തിനും, രൂപപ്പെട്ടു വന്നിട്ടുള്ള പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ തയ്യാറാകണം.

ഗുജറാത്തിലെ ഒരു വിദ്യാലയത്തിൽ പഠിച്ച ഒരു വിദ്യാർത്ഥി ക്ലാസ്സുറിയിൽ താൻ കേൾക്കുന്ന ഗണിത സിദ്ധാന്തങ്ങളും പ്രയോഗങ്ങളും തന്റെ കൊച്ചു കൊച്ചു കളികളിലും ചിന്തകളിലും ഉൾപ്പെടുത്തുകയും അതിനനുസരിച്ചുള്ള ഗണിതമാതൃകകൾ ഉണ്ടാക്കുകയും ചെയ്തു. അവയെല്ലാം ഡിജിറ്റൽ ലോകത്ത് പങ്കുവച്ചു കൊണ്ടിരുന്നു.18 വയസ്സ് പൂർത്തിയാക്കുമ്പോഴേക്കും ആ കുട്ടിയുടെ ഗണിത സിദ്ധാന്തങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞു. ഭവ്യ ഷാ എന്നാണ് ആ കുട്ടിയുടെ പേര്. അവന്റെ പുസ്തകത്തിന്റെ പേര് MATHS (My Advent for Theorems, Hypothesis & Solution)

മലയാളത്തിൻ ഗണിത സിദ്ധാന്തങ്ങളിലേക്കും അനുമാനങ്ങളിലേക്കും നിഗമനങ്ങളിലേക്കും ഉള്ള എന്റെ യാത്ര എന്ന പറയാം. ആ കുട്ടി ഇന്ന് അമേരിക്കയിലെ പ്രശസ്തമായ ഒരു സർവ്വകലാശാലയിൽ ഗണിത ശാസ്ത്ര പഠന ഗവേഷണങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. തന്റെ ആശയങ്ങൾ അപ്പപ്പോൾ ആ കുട്ടി തുറന്ന സൈബർലോകത്ത് പങ്കുവെച്ചില്ലായിരുന്നുവെങ്കിൽ മറ്റെല്ലാ കുട്ടികളെ പോലെ അവനും ഭാരതത്തിലെ ഏതെങ്കിലുമൊരു കോളേജിൽ എൻജിനീയറിങ്ങിനോ മെഡിസിനോ മാനേജ്മെൻറ് കോഴ്സിനോ ചേർന്ന് പഠിക്കുമായിരുന്നു. പക്ഷേ ശ്രീനിവാസ രാമാനുജന്റെ ജീവിത യാത്ര ഇവിടെ പുനരാരംഭിക്കുന്ന പോലെ തോന്നുന്നു. ഇപ്രകാരം നമ്മുടെ ഗ്രാമീണ വിദ്യാലയങ്ങളിൽ എത്രയെത്ര രാമാനുജൻമാരും മാധവൻമാരും ഒളിഞ്ഞിരിക്കുന്നുണ്ടാകും. ഭൂതമാണ് ഭാവിയെ സൃഷ്ടിക്കുന്നത്. അതിന് വർത്തമാനത്തിൻ ജീവിക്കണം.

# Quotes

***♠ Linsa. C 10 A♠***

* If you find happiness,people may be jealous.

Be happy any way.

-Mother Teresa-

*“Education is not filling a pail but the

lighting of a fire.”

-William Butler Yeats-

*”First they ignore you. Then laugh at you

then they fight you,then you win.”

-Mahatma Gandhi-

*“We cannot all succeed when half of us

are held back.”

-Malala Yousuf-zai-

*A day without laughter is a day wasted.

-Charlie Chaplin-

*Education is an ornament in prosperity and

a refuge in adversity.

-Aristotle-

*A journey of a thousand miles begins

with a single step.

-Lao Tzu-

*A man is great by deeds,not by birth.

-Chanakya-

*"Some of the brightest minds in the country
can be found on the last benches of the
classroom."

-A.P.J Abdul kalam-

*"Creativity is intelligence having fun."

-Albert Einstein-

*Don't waste your time with explanations.
People only hear what they want to hear.

-Paulo coelho-

*Quality means doing it right when no one
is looking.

*-Henry ford-*

# ശാസ്ത്രവിഭാഗങ്ങൾ

♠ Vismaya. K 10 B ♠

| | |
|---|---|
| Astrology | : ജ്യോതിശാസ്ത്രം |
| Micro Biology | : പരമാണുശാസ്ത്രം |
| Embryology | : ഭ്രൂണശാസ്ത്രം |
| Ornithology | : പക്ഷിശാസ്ത്രം |
| Gynaecology | : സ്‌ത്രിരോഗശാസ്ത്രം |
| Geology | : ഭ്രൂഗർഭശാസ്ത്രം |
| Algebra | : കീടശാസ്ത്രം |
| Botany | : സസ്യശാസ്ത്രം |
| Ecology | : പരിസ്ഥിതിശാസ്ത്രം |
| Anatomy | : ശരീരഘടനാശാസ്ത്രം |
| Archaeology | : പുരാവസ്തുശാസ്ത്രം |
| Philology | : ഭാഷാശാസ്ത്രം |
| Geometry | : ക്ഷേത്രഗണിതം |
| Dactylography | : വിരല്യയാളശാസ്ത്രം |
| Astronomy | : ബഹിരാകാശശാസ്ത്രം |
| Ethnography | : മനുഷ്യകുലശാസ്ത്രം |
| Cosmology | : പ്രപഞ്ചഘടനാശാസ്ത്രം |
| Genealogy | :വശപാരമ്പര്യശാസ്ത്രം |
| Carpology | : സസ്യബീജശാസ്ത്രം |
| Ethology | : മനുഷ്യസ്വഭാവശാസ്ത്രം |
| Crystallography | : സ്‌ഫടികശാസ്ത്രം |
| Biology | : ജീവശാസ്ത്രം |

# SharingisCaring

♠ Fahma Abid 7 C ♠

Once upon a time there lived a monkey named Maanu. He lived in a big old tree . He was not like lived in neighbouring trees. He was very hard working. The other monkeys were jealously of him. Though the monkey hard working he was miser. The neighbour monkeys were very old and they couldn't work like Maanu. One day a very old monkey who was starving asked Maanu one of his bananas. But Maanu was really selfish and refused to share his food soon the other old monkeys gathered there and they were very angry with Mannu. Still he refused to give banana. The poor old monkey starved to death.

Maanu the monkey walked back to the tree with out any feeling of quality. A clever ant who was watching all these followed him. The ant asked the monkey why he refused to give banana to the old monkey. "I worked hard to earn this food. I can't give a single piece to anybody. I want to lead a luxury life". Maanu replied. There started a hot debate. At last Maanu challenged the ant for a tree climbing race. "If I win I'll give you all my earnings" Maanu told " If I win I'll give my earnings too" ant replied. They walked towards the big old tree. The race started. Maanu climbed fast and reached far ahead of the ant. When he reached the middle of the tree and took rest for a while. He thought that the ant would never reach the top of the tree.

He was dreaming spending the ant's earnings and fell asleep. After some time Maanu heard a shooting from the top of the tree. He was shocked. It was the ant who won the race. Maanu became very disappointed and felt guilty on his deeds. Unwillingly he gave all the earnings the bunch of banana to the ant. It was unbearable to him and he started weeping. The ant was really kind. He went near Maanu and gave beck the bananas talking one from it. Now Maanu became very happy and said sorry to the ant. This incident changed Maanu's selfish mind. The ant taught him the lesson “Sharing is caring”.

# പുനർ ജീവനം

♠ സിൻജിദ ജാസ്മിൻ 9 സി ♠

പുലരിതൻ ആർദ്രമാം ചുടുചുംബനങ്ങളേറ്റു
ഞാൻ ഉണരവേ
സൂര്യൻ തൻ പൊൻ കിരണങ്ങളാൽ
ഞാൻ നിർവൃതി പൂണ്ടു
കിളികൾ തൻ മധുരഗാനം പാടിയെൻ
മനം കുളിർക്കവെ
ആ മാസ്മര ലഹരിയിൽ ഞാൻ
ലയിച്ചു നിന്നു
അകലെയാരോ വീണമീട്ടി പാടുന്നതാ
കുയിൽ രാഗമോ
കാട്ടു പൂഞ്ചോല തൻ
കളകളാരവമോ
സൂര്യകിരണങ്ങളാൽ
പുളകമേറ്റൊരാ
പനിനീർ ച്ചെടികൾ പുഞ്ചിരിക്കുന്നതാ
വണ്ടുകൾക്കു വേണ്ടിയോ
വസന്തമെന്ന ഋതുവിനെ
വരവേൽക്കാൻ വേണ്ടിയോ....
ഇന്നലകളിൽ മറഞ്ഞൊരീ
ദൃശ്യത്താലെൻ മനം നീറുന്നു
ഇന്നിതാ പോയ് മറഞ്ഞാപുലരിയിൽ
ഏകയായ് ഞാൻ മാത്രം
അകന്നു പോയരാ മധുരഗാനവും
പനിനീർ പൂക്കളും
വീണ്ടെടുക്കുവാനെൻ ജീവനെ
നിന്നിൽ ലയിപ്പിക്കുന്നു
മരണമെന്ന വിദൂരമാം കയത്തിലേക്ക്
നശിച്ചു പോയ ഇന്നലകളെ
മറഞ്ഞുപോയ നിൻ ഭൂതകാലം
തിരികെ നൽകാൻ

*ഞാൻ പുനർജനിക്കും....*


Sreelekha
VI·A


SREELEKHA
6-A


6-A
Rana-M
VI-A




Dhaniya O V 9 A



Husna K 10 A




Blessing Feba 8 C



Linsa C 10 A




Muhammed
Haseeb P T 10 B



Renjima K 10 B



Dilna O 10 A




Lulu Zaman 9 B



Noushira Jismi C P 10 B



Jinas T T 10 B

# ദുരിതം വിതച്ച പ്രളയം

## അർഷദ് റഹ്മാൻ IX-D



ലോകം കണ്ടതിൽ വെച്ച് എറ്റവും വലിയ പ്രകൃതി ദുരന്ത മാണ് കേരളത്തിൽ സംഭവിച്ചത്. ഈ പ്രളയത്തിൽ ഒരുപാട്ട പേരുടെ കുടുബങ്ങൾ തകർന്നു, ഒരുപാട്ട ജീവനുകൾ എടുത്തു ഒരുപാട്ട പേർക്ക് പരിക്ക് പറ്റി, ധാരാളം പേർക്യാമ്പുകളിൽ കഴിഞ്ഞു. പല രാജ്യങ്ങളിൽ നിന്നുംനമ്മുക്ക് സഹായങ്ങൾ ലഭിച്ചു. ഹിന്ദു, മുസൽമാൻ, ക്രിസ്ത്യൻ എന്നിവർ ജാതിമതമില്ലാതെ



ഒത്തൊരുമിച്ച നിന്ന് ഒരു കുടുബം പോലെകഴിഞ്ഞു. ശെരിക്കും മനുഷ്യനെന്തെന്നും മനുഷ്യത്വം എന്തെന്നും മനുഷ്യൻ മനസിലാകാൻ ഒരു പ്രളയം വരേണ്ടി വന്നു.

# To School Everyday

♠ NIMIDA 7 A ♠

Waking up in the morning...
Brushing,eating and bathing...
Dressing my soul with brimming
Happiness of thinking of going
To school I go everyday...
Breakfast, books and bags
Things to share and care
Joy of friendship and knowledge..
To school I go everyday...
Books are my friends
With butterflies I straw it up..
Note book,my play ground
letters,in mind,to grind..
To school I go everyday...

# *SMILE*...

**♠ DILNA. O 10 A ♠**

' SMILE' is the most beautiful attire of a person. It is a curve that can set a lot of things straight. Unfortunately most people find no time to smile. A beautiful smile of yours can gain ten more years of life to you and hearty laugh make you free from your tensions. A person whose face gives no smile can never become a star. So always put a smile an your face...



# *World of friends*

♠ *Hani Ashraf IX C* ♠

*Sharing everything*

*Loving and caring*

*World is nothing in front of friendship*

*When you are wrong*

*Your friend make you night*

*Friendship heals*

*When your tears*

*Rolls down*

*Wipe your cheeks and, make smile*

# വിടപറയും നിമിഷം

♠ അജിൻഷാൻ 9–B ♠

പിരിയാൻ മടിക്കുന്ന ഹൃദയങ്ങൾക്കരികേ
പെയ്തൊഴിയാത്തൊരു കൺകളുമായി
നിൽക്കുമീ നിമിഷം ഞാനോർത്തു പോകുന്നു
ഈയങ്കണത്തിൽ അന്നത്തെ ദിനം
മഴ മെല്ലെ ധരയെ പുൽകിയ നാളിൽ
വർണക്കുടക്കീഴിൽ വന്നദിനം
ഇന്നുമെൻ കൺമുന്നിലെന്നപോൽ ആ ദിനം
ആ മഴയും ഇന്നലെ പെയ്തൊരോർമ പോലെ
ഒരു ദശാബ്ദമിവിടെ കഴിഞ്ഞുപോയ്
ഉണങ്ങിയ പുഷ്പമെന്നപോൽ കൊഴിഞ്ഞുപോയി
എന്നിരിന്നാലും ഇന്നെൻ മനസ്സിൽ
ഒരായിരം ഓർമകൾ മങ്ങാതെ മായാതെ
വിദ്യയാം വിദ്യാലയത്തിലുല്ലസിച്ചതും
സൗഹൃദമാം മരത്തണലിൽ വിശ്രമിച്ചതും
പിണക്കങ്ങൾ ഇണക്കങ്ങളായ് മാറിയതും
സുന്ദരമാം സ്വപ്നങ്ങൾ നെയ്തതും
എങ്കിലും വിട പറയാതെ വയ്യാ
*ഈ സുന്ദര വിദ്യാലയങ്കണത്തോട്......*

# മനുഷ്യനോട്

♠ സായൂജ് കെ എസ്  7 സി ♠

ഇനിയെരു തലമുറ?
നടക്കാത്ത സ്വപ്നമായേക്കാം
വെള്ളമെവിടെയാണ്..?
മണ്ണെന്നും അമ്മയല്ലേ?
അമ്മയേടെന്തു ചെയ്യുവൂ നാം
പൊന്നിൻ കതിർപാടമില്ല
തെളിനീർ പുഴയില്ല
കിനാവ് പോലുമില്ല
മഴ ദുഃസ്വപ്ന്മെന്ന്
അവസാനത്തെ പക്ഷി പാടുന്നു
മാങ്ങ തിന്നേണ്ടവർ
പ്ലാസ്റ്റിക് മാങ്ങ ചവയ്ക്കുന്നു
മണ്ണിൽ പുണ്ടു പോവേണ്ട കയ്യുകൾ
ഇൻറ്റർനെറ്റിൽ കുടുങ്ങി പിടയുന്നു
അവസാനത്തെ കുന്നിടിച്ചിട്ടും മുമ്പ്
ഒന്ന് തിരിഞ്ഞ് നോക്കണേ...?

# ഹെലൻ കെല്ലർ

♠ ഹസ്ന. കെ 10 A ♠

കഠിനധ്വാനവും ആത്മവിശ്വാസവും കൊണ്ട് സ്വന്തം വൈകല്യങ്ങളെ തോൽപിച്ച ഇംഗ്ലീഷ് വനിതയാണ് ഹെലൻ ആദംസ് കെല്ലെർ (ജൂൺ 27, 1880–ജൂൺ 1, 1968)പത്തൊൻപതുമാസം മാത്രം പ്രായമുള്ളപ്പോൾ കാഴ്ച ശക്തിയും കേൾവി ശക്തിയും നഷ്ടപ്പെട്ട അവർ സ്വപ്രയത്നം കൊണ്ട് സാഹിത്യം, സാമൂഹ്യ പ്രവർത്തനം, അധ്യാപനം എന്നീ രംഗങ്ങളിൽ കഴിവുതെളിച്ചു. സ്വിറ്റ്സർലാന്റിൽ നിന്ന് അമേരിക്കയിലേക്ക് കുടിയേറി പാർത്തവരാണ് ഹെലന്റെ മുൻഗാമികൾ. വേദന നിറഞ്ഞ ബാല്യത്തേയും കൗമാരത്തേയും ധീരതയോടെ അതിജീവിച്ച ഹെലൻ കെല്ലർ എല്ലാവർക്കും പ്രചോദനമാണ്. ആത്മവിശ്വാസത്തിന്റേയും നിശ്ചയാദാർഢ്യത്തിന്റെയും മൂർത്തിഭാവമാണ് ഹെലൻ കെല്ലർ എന്ന അമേരിക്കൻ വനിത...

# തത്ത

♠ ആഷിന 9 കെ ♠

തത്തി തത്തി നടക്കും തത്ത പഞ്ചാര തത്ത
പാറി പാറി നടക്കും എന്നുടെ പുന്നാര തത്ത
ഇവിടെ കൊത്തി അവിടെ കൊത്തി
പാടീടും തത്ത
പഞ്ചാരപ്പൂചിരിതൂകുന്ന പുന്നാര തത്ത
പച്ചക്കുപ്പയം ചെഞ്ചുണ്ടും മിന്നാര തത്ത
കറുത്തകണ്ണിൽ ചുഴിഞ്ഞ് നോക്കും
സുന്ദരിയെൻ തത്ത
ആടിപ്പാടിപ്പാറാൻ ഞാനും
കൂടെ പോന്നോട്ടെ



## രാജ്യങ്ങളും കറൻസിയും

ഇന്ത്യ–രൂപ
യു.എസ്.എ–ഡോളർ
ബ്രിട്ടൺ–പൗണ്ട്
സ്വിറ്റ്സർലന്റ്–സ്വിസ് ഫ്രാങ്ക്
ചൈന–യുവാൻ
ജപ്പാൻ–യെൻ
റഷ്യ–റൂബിൾ
ബംഗ്ലാദേശ്–ടാക്ക
ഭൂട്ടാൻ–ഗുൽട്രം
തുർക്കി–ലിറ
അൽബേനിയ–ലെക്
ബ്രസീൽ–റിയാൽ
ബോട്സ്വാന–പുല
മ്യാൻമർ–ക്യാറ്റ്
ബൾഗേറിയ–ലവ്
മലേഷ്യ–റിംഗറ്റ്
അർമേനിയ–ഡ്രാം
ഇറാൻ–റിയാൽ
ദക്ഷിണാഫ്രിക്ക–റാൻഡ്
തായ്‌ലാന്റ്–ബാഹ്ത്
പോളണ്ട്–സ്ലോറി
മാലിദ്വീപ്–റൂഫിയ
ഇന്തോനേഷ്യ–റുപ്പയ
ഡെൻമാർക്ക്–ക്രോൺ
ജോർജിയ–ലാറി
എത്യോപ്യ–ബിർ
കെനിയ–ഷില്ലിങ്ങ്
അർജന്റീന–പെസോ

# ലിറ്റിൽ കൈറ്റ്സ്

## എന്റെ കൈത്താങ്ങ്



♠ മുഹമ്മദ് അജിനാസ് പി. കെ IX G ♠

ലിറ്റിൽ കൈറ്റ് എന്ന ക്ലബിൽ എന്നെ തിരഞ്ഞെടുക്കും എന്ന് ഞാൻ വിചാരിച്ചില്ല.

ഈ ക്ലബിൽ വന്നപ്പോൾ എനിക്ക് കംപ്യൂട്ടറിനോടുള്ള കൂടുതൽ കാര്യങ്ങളും കമ്പ്യൂട്ടറിന്റെ ഭാഗങ്ങളും പഠിക്കാൻ സാർ സഹായിച്ചു. പിന്നെ ആനിമേഷൻ എന്ന പ്രോഗ്രാമും സ്ക്രാച്ച് എന്ന പ്രോഗ്രാമും പഠിച്ചു. ആനിമേഷനിൽ ഞങ്ങൾ വീഡിയോ നിർമിച്ചു സ്ക്രാച്ചിൽ ഗയിമുകളും നിർമിച്ചു. പിന്നെ ഞങ്ങൾ എം.ഐ.ടി ആപ്പ് ഇൻവെൻണ്ടറിൽ ആപ്പുകളും നിർമിച്ചു. പിന്നീട് ഞങ്ങൾ പൈത്തൺ എങ്ങനെ കൈകാര്യം ചെയ്യാം എന്നും പഠിച്ചു.

# *ലഹരിയ്ക്കെതിരെ*

**അഞ്ജന. റ്റി**

*ഉണരുന്ന നാം മുന്നോട്ടെങ്കിൽ*
*ലഹരികളെന്നും പുറകോട്ട്*

*ലഹരികളെന്ന ചെകുത്താനെ നാം*
*ഉടനെ തന്നെ തുരത്തേണം.*

*വേണ്ടീ മണ്ണിൽ വേണ്ടേ വേണ്ട*
*ലഹരികൾ നമുക്ക് വേണ്ടേ വേണ്ട*

*അരുതെന്നൊരുവാക്കോതേണം നാം*
*അരുതാത്തു നാം കണ്ടെങ്കിൽ*

*ഒരു മനമോടെ വാഴേണം നാം*
*ലഹരികളില്ലാത്തൊരു നാട്ടിൽ....*

g.h.s.s. karuvarakundu

# അതിജീവനത്തിനൊരു കൈത്താങ്ങ്

മുഹമ്മദ് ഹസീബ് പി.ടി 10 B

ജൈസലേ നീ നിന്റെ ദേഹം കുനിച്ച്
മലവെള്ളത്തോട് തൻ മുഖം എതിരേറ്റ്
പേടി ആശങ്കയാൽ തൻ മുമ്പിലലയുന്ന
മുഖങ്ങൾക്ക് താങ്ങായി
ഓരോ പദങ്ങളും നന്മയുടെ ഗന്ധമാൽ
എതിരേറ്റ്

വള്ളത്തിലേക് ഒരു ചവിട്ടു പടി?

മനുഷ്യ മേൽപ്പടി?
പ്രളയമാം ദുരിതത്തിൽ
ജീവിതമാം കുന്ന് പിളരുമ്പോൾ

ഓ..സ്വാർത്ഥാ.. നീ ഒർത്തുവോ
സഹായത്തിൻ കരങ്ങൾ നി
അറിയാതെ
നിന്നിലേക്കെത്തു മെന്ന്

നിറമില്ല,മതമല്ല ജാതിയല്ലാ...അല്ലാ-
പട്ടല്ല പണവുമല്ല പ്രതാപവുമല്ല
ജീവന്റെ മിടിപ്പുകൾ പിടയുമാ

നിമിഷമാ-
മങ്ങിയ കൺകളിൽ നിറഞ്ഞ

വെപ്രാളവാക്കുകളാണാ-
മുക്കുവൻ നിൻ മിഴികളിൽ നിന്ന്
വലയിട്ടത്

# ഇനി വരരുത്

വിശന്നപ്പോൾ ഇത്തിരി ആഹാരം മോഷ്ടിച്ച ഒരു മനുഷ്യനെ തല്ലിക്കൊന്നതിന്റെ പ്രതികാരമായിരിക്കാം ഇക്കഴിഞ്ഞ മഴക്കാലം. വിശപ്പിന്റെ മൂല്യം മനസ്സിലാക്കി തരാൻ വേണ്ടി മാത്രം പെയ്ത മഴക്കാലം. തല്ലിക്കൊന്ന ആ മനുഷ്യൻ എത്രമാത്രം വിശപ്പ് സഹിച്ചെന്ന് ഇനിയെങ്കിലും നമുക്ക് മനസ്സിലാക്കാം. ദാരിദ്ര്യം നിറഞ്ഞ നാളുകൾക്ക് ശേഷം കതിരുകൾ പൂവണിഞ്ഞു നിൽക്കുന്ന ഈ കാലത്ത് നാം അഹങ്കരിക്കുന്ന മനുഷ്യനെ തളർത്താൻ ഒരു മഴക്കും സാധ്യമല്ലെന്ന്. എന്നാൽ ഒരു കാര്യം മനസ്സിലാക്കുക ഇനി വരാൻ പോകുന്നത് വരൾച്ചയാണ്. കുളിർത്തുനിൽക്കുന്ന മഴക്കാലത്തിനും, മഞ്ഞുകാലത്തിനും ശേഷം വരാൻ പോകുന്നത് പൊള്ളുന്ന വേനലാണ്. ഈ വേനലിനെ കുളിരണിയിക്കാൻ കണിക്കൊന്ന പൂക്കുമോ? ആർക്കറിയാം അല്ലേ?.....



little KITEs

*g.h.s.s. karuvarakundu*

# സുഹൃത്തേ

*തസ്‌ലീമ .കെ*

പിരിയില്ലി യാത്രയിൽ മറയില്ല
നോവിനാൽ
കണ്ടുമുട്ടിയെതെന്നോ, എങ്ങോ..
മറക്കില്ല മൃത്യു വന്നു വിളിച്ചാലും
ഈ
സ്വപ്നക്കൂടാരത്തിന്നാർദ്രസൗഹൃദ
വീഥിയിൽ
സ്നേഹപ്രകാശത്തിൽ കണ്ടു,
കൺ നിറയുന്നു...
പിരിയില്ല രാവും പകലും
പിരിയില്ല നമ്മളും
വാക്കല്ലോ വലിയ വിലയുള്ള
സൗഹൃദം

# DIGITAL PAINTING



*Shamil S.K  10 C*



*Arshad Rahman K 9 D*

# നമ്മുടെ എസ്.പി.സി



കുട്ടിപോലീസിന്
വിദ്യഭ്യാസ മന്ത്രിയുടെ
ലാളന !



ഗാന്ധി ജയന്തി ദിനത്തിൽ
സ്കൂൾ വൃത്തിയാക്കുന്ന
കേഡറ്റുകൾ




SPC DAY


ഞാൻ ഉത്തരവാദിത്വ ബോധമുള്ള,
സഹജീവി സ്നേഹമുള്ള, പ്രകൃതി സ്നേഹമുള്ള
ഉത്തമ പൗരനായി...."

SPC കേഡറ്റുകൾ പ്രതിജ്ഞയിൽ !

# വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ





# ഫോക്‌ലോർ ക്ലബ്ബ് ദേശീയ വിജയികൾ








# ലിറ്റിൽ കൈറ്റ്സ് ലോഞ്ചിങ്

കരുവാരകുണ്ട് ഗവ:ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് - ഐ.ടി ക്ലബ്ബിന്റെ ഉദ്ഘാടനവും കൈറ്റ്സ് അംഗങ്ങൾക്കുള്ള ഏക ദിന ക്യാമ്പും 2018 സെപ്റ്റംബർ 2 ന് സ്കൂളിൽ നടന്നു.

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മഠത്തിൽ ലത്തീഫ് ക്ലബ് ഉദ്ഘാടനം ചെയ്തു. കൈറ്റുകൾക്കുള്ള തിരിച്ചറിയൽ കാർഡുകളുടെ വിതരണവും അദ്ദേഹം നിർവഹിച്ചു. ലിറ്റിൽ കൈറ്റ്സ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ബി.പി.ഒ ഷൈജി.ടി.മാത്യു കെ. രാധിക ടീച്ചർക്ക് കൈമാറി. പി.ടി.എ പ്രസിഡന്റ് ഇ.ബി. ഗോപാലകൃഷ്ണൻ, SITC എ. വിനോദ്, ഉപജില്ലാ കോർഡിനേറ്റർ മനോജ് ജോസഫ്, കൈറ്റ് ലീഡർമാരായ ഒ. ഹാനി അഷ്റഫ്, ഒ.എം മുബഷിറ ഹന്ന എന്നിവർ പ്രസംഗിച്ചു.

ആനിമേഷൻ വീഡിയോ നിർമാണം, എഡിറ്റിങ്, ഓഡാസിറ്റി എന്നിവയിൽ അംഗങ്ങൾക്ക് ശില്പശാല നടത്തി. മനോജ് ജോസഫ്, ഫറൂക്ക് ഗവ:ഹയർ സെക്കന്ററി സ്കൂൾ കൈറ്റ് മാസ്റ്റർ ഒ.ഹാരിസ്, ഹലീമ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.



# ഉപജില്ലാ ക്യാമ്പിന് ആതിഥേയത്വം

ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കുള്ള ഉപജില്ല തല ക്യാമ്പിന് ആതിഥേയത്വം വഹിച്ചത് ഈ സ്കൂളാണ്. 2018 സെപ്റ്റംബർ 29, 30 തീയതികളിൽ നടന്ന ക്യാമ്പിൽ ആനിമേഷൻ, പ്രോഗ്രാമിങ് വാഭാഗങ്ങളിലായി നാല്പത് കൈറ്റുകൾ പങ്കെടുത്തു. വിവിധ കമ്പ്യൂട്ടർ പ്രോഗ്രാമുകൾ പരിചയപ്പെട്ടും ചിലത് നിർമിച്ചും ആനിമേഷൻ വീഡിയോകൾ സ്വയം നിർമിച്ചും വിദ്യാർഥികൾ പ്രതിഭ കാണിച്ചു. ഉപജില്ല ഐ.ടി. കോർഡിനേറ്റർ മനോജ് ജോസഫ്, എ.കെ. ജംഷീർ, സ്കൂൾ കൈറ്റ് ചുമതലയുള്ള കെ. രാധിക, വി.എസ്. കബീർ എന്നിവർ നേതൃത്വം നൽകി. പ്രധാനാധ്യാപകൻ ടി. രാജേന്ദ്രൻ ക്യാമ്പ് സന്ദർശിച്ചു.

# <u>സൈബർ സുരക്ഷ</u>

# <u>രക്ഷാകർതൃ ക്യാമ്പ്</u>

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ രക്ഷിതാക്കൾക്കായി സൈബർ സുരക്ഷ : അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ എന്ന വിഷയത്തിൽ ബോധവത്കരണ ക്യാമ്പ് നടത്തി. 2018 ഡിസംബർ 22 ന് ശനിയാഴ്ച്ച നടന്ന ക്യാമ്പിൽ നീലാഞ്ചേരി ഗവ : ഹൈസ്കൂളിലെ കൈറ്റ് മാസ്റ്റർ അബ്ദുൽ ലത്തീഫ് ക്ലാസ്സെടുത്തു. എസ്.എം.സി ചെയർമാൻ ടി.എം. രാജു, വി.പി. അബൂബക്കർ, കെ. രാധിക എന്നിവർ സംസാരിച്ചു.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് മൊബൈൽ ആപ് നിർമാണത്തിൽ പ്രത്യേക പരിശീലനവും ക്യാമ്പിന്റെ ഭാഗമായി നൽകി.







# മൊബൈൽ ആപ്ലിക്കേഷൻ നിർമാണം ഏകദിന ക്യാമ്പ്

മൊബൈൽ ഫോൺ സാങ്കേതിക വിദ്യ ഏറെ പുരോഗമിച്ച ഇക്കാലത്ത് മൊബൈൽ ആപ് നിർമാണം കൈറ്റ് പാഠ്യ പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ റുട്ടീൻ ക്ലാസ്സിനപ്പുറമെ സ്കൂൾ തലത്തിൽ ഏകദിന ശില്പശാലയും നടത്തി. 2018 നവംബർ 20 ന് നടന്ന ക്യാമ്പിൽ Shake mobile for Music, Drawing – lines, Calculator എന്നീ മൊബൈൽ ആപുകൾ നിർമിക്കാൻ പരിശീലനം നൽകി. ക്യാമ്പിൽ പങ്കെടുത്ത 32 പേരിൽ ഭ്രരിഭാഗവും സ്വന്തമായി ആപുകൾ നിർമിച്ചു. ചിലർ Music instrument ആപ് തനതായും രൂപകല്പന ചെയ്തു.

ഉപജില്ല കോർഡിനേറ്റർമാരായ മഹേഷ്, മനോജ് ജോസഫ്, ലിറ്റിൽ കൈറ്റ് ചുമതലയുള്ള വി.എസ്. കബീർ, കെ. രാധിക, എന്നിവർ നേതൃത്വം നൽകി.

ഈ മാഗസസിന്റെ സാക്ഷാത്കാരത്തിനായി സൃഷ്ടികൾ തന്നും ക്രിയാത്മക നിർദ്ദേശങ്ങൾ തന്നും ഞങ്ങളോട് സഹകരിച്ച എല്ലാ സുമനസ്സുകൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അർപ്പിക്കുന്നു.

പത്രാധിപ സമിതി

